28
2021
ഓഗസ്റ്റ്
ശനി
1197
ചിങ്ങം 12

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 143 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-143 പേജ് 4. വില 2.00 രൂപ




02 കോവിഡിന് ഹോമിയോ ചികിത്സ: അനുമതി നൽകണമെന്ന് ഹൈക്കോടതി

03 ഹോം ഐസൊലേഷനിൽ കൂടുതൽ ശ്രദ്ധ വേണം

04 ആർട്ടിക് സമുദ്രത്തിലെ മഞ്ഞുപാളികളെകുറിച്ച് പ്രവചിക്കാൻ പുതിയ സംവിധാനം


മീമീ ഫിഷ് ആപ്പിന്റേയും ഡ്രിഷ് ഉത്പന്നത്തിന്റേയും ഉദ്ഘാടനം ഫിഷറീസ് മന്ത്രി സജി ചെറിയാൻ നിർവഹിക്കുന്നു.

# മത്സ്യോത്പന്നങ്ങൾ വാങ്ങാൻ മീമീ ആപ്

തിരുവനന്തപുരം: മീമീ എന്ന മൊബൈൽ ആപ്പിൻറെ സഹായത്തോടെ മത്സ്യവും അനുബന്ധ ഉത്പന്നങ്ങളും വാങ്ങാം. ആപ്പിൻറെ ഉദ്ഘാടനം ഫിഷറീസ് മന്ത്രി സജി ചെറിയാൻ നിർവഹിച്ചു. ചലച്ചിത്രതാരം ആനി ഉത്പന്നം ഏറ്റുവാങ്ങി. തുടക്കത്തിൽ കൊല്ലം ജില്ലയിലാണ് ആപ്പിൻറെ സേവനം ലഭിക്കുക. തുടർന്ന് ആലപ്പുഴ, പത്തനംതിട്ട ജില്ലകളുടെ വിവിധ ഭാഗങ്ങളിലും ഉത്പന്നങ്ങൾ വീടുകളിലെത്തിച്ചു നൽകും. കൊല്ലത്ത് ഇതിനായി 12 കിയോസ്ക്കുകൾ ആരംഭിച്ചിട്ടുണ്ട്. കിയോസ്ക്കുകളിൽ മികച്ച ശീതീകരണ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. പുതിയ സംരംഭത്തിലൂടെ കൂടുതൽ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാനാവുമെന്നാണ് കരുതുന്നത്.

കൊല്ലം ശക്തികുളങ്ങര ഫിഷ് പ്രോസസിംഗ് പ്ലാൻറിൽ സൗരോർജ സംവിധാനം വഴി മത്സ്യം അണുമുക്തമാക്കി ഉണക്കി വിപണിയിലെത്തിക്കുന്ന സംവിധാനത്തിനും തുടക്കമായി. ഫിഷറീസ് ഡയറക്ടർ ആർ. ഗിരിജ, തീരദേശ വികസന കോർപറേഷൻ എംഡി പി. ഐ. ഷേക്ക് പരീത് എന്നിവർ സംബന്ധിച്ചു

# സിറോ മലബാർ സഭ കുർബാനക്രമം ഏകീകരിച്ചു; നവംബർ 28 മുതൽ നടപ്പിലാകും

കോട്ടയം: സിറോ മലബാർ സഭയിലെ കുർബാന ക്രമം ഏകീകരിച്ചു. ഓൺലൈനായി നടന്ന സിനഡിൻറെ 29ാം സമ്മേളനത്തിൽ ഏകകണ്ഠമായായിരുന്നു തീരുമാനം. ഏകീകരിച്ച കുർബാനക്രമം നവംബർ 28 ഞായറാഴ്ച മുതൽ നടപ്പിലാക്കും.

കാർമികൻ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും ജനാഭിമുഖമായും അനാഫൊറാ ഭാഗം അൾത്താരയ്ക്ക് അഭിമുഖമായും കുർബാന സ്വീകരണത്തിനുശേഷമുള്ള സമാപനശുശ്രൂഷ ജനാഭിമുഖമായും നിർവഹിക്കുക എന്നതാണ് ഏകീകരിച്ചരീതി.

നവംബർ 28 മുതൽ സഭയിലെ എല്ലാ പിതാക്കൻമാരും ഏകീകരിച്ച കുർബാന അർപ്പിക്കുവാൻ തീരുമാനിച്ചു. ഏകീകരിച്ച കുർബാന രീതി അടുത്ത ഈസ്റ്റർ ഞായറാഴ്ചയോടെയെങ്കിലും രൂപത മുഴുവനിലും നടപ്പിലാക്കണം.

ഏകീകരിച്ച കുർബാനരീതി രൂപതയിൽ മുഴുവനായും നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടായാൽ ആദ്യഘട്ടമായി കത്തീഡ്രൽ പള്ളികളിലും തീർഥാടന കേന്ദ്രങ്ങളിലും സന്ന്യാസഭവനങ്ങളിലും മൈനർ സെമിനാരികളിലും സാധ്യമായ ഇടവകകളിലും നവംബർ 28നു തന്നെ ആരംഭിക്കണമെന്നും സിനഡ് തീരുമാനിച്ചു.

സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർഥാടനകേന്ദ്രം എന്ന പദവിയിലേക്ക് തലശേരി അതിരൂപതയിലെ പേരാവൂർ സെൻറ് ജോസഫ്സ് ഫൊറോനാ ദൈവാലയത്തെ ഉയർത്താൻ തീരുമാനിച്ചു. ഡൽഹിയിലെ അന്ധേരി മോഡിലുള്ള ലിറ്റിൽ ഫ്ളവർ ദേവാലയം ഇടിച്ചു നിരത്തിയ സംഭവം ഖേദകരമാണെന്ന് സിനഡ് വിലയിരുത്തി. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അധികാരികൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സിനഡ് ആവശ്യപ്പെട്ടു.

സീറോമലബാർ സഭയുടെ മാധ്യമ കമ്മീഷൻ വാർത്താപോർട്ടൽ മേജർ ആർച്ച്ബിഷപ് കാർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. ക്രൈസ്തവ വിശ്വാസത്തെയും പ്രതീകങ്ങളെയും അവഹേളിക്കുന്ന പ്രവണതകൾ ചലചിത്രമേഖലയിൽ വർധിച്ചുവരുന്നതിനെ സിനഡ് അ പലപിച്ചു.

മാർ ജേക്കബ് ബാർണബാസിൻറെ മരണത്തിൽ സിനഡ് അനുശോചിച്ചു. കോവിഡു ബാധിച്ചു മരിച്ച മാർ ജോസഫ് പാസ്റ്റർ നീലങ്കാവിലിൻറെ സേവനങ്ങളെ അ നുസ്മരിച്ചു. കോവിഡ് നിയന്ത്രണാതീതമായി തുടരുന്നത് ആശങ്കാജനകമാണെന്ന് സിനഡ് വിലയിരുത്തി.

സർക്കാർ നിർദേശങ്ങൾ എല്ലാ വ്യക്തികളും സ്ഥാപനങ്ങളും പാലിക്കണമെന്നും സിനഡ് ആവശ്യപ്പെട്ടു. കോവിഡുമൂലം ആരും ഒറ്റപ്പെടുന്നില്ലെന്നും പട്ടിണി അനുഭവിക്കുന്നില്ലെന്നും ഉറപ്പുവരുത്താൻ സഭയുടെ എല്ലാ സംവിധാനങ്ങളും ജാഗ്രതയോടെ പ്രവർത്തിക്കണമെന്നും സിനഡ് നിർദേശിച്ചു.

# നിയമസഭാ സെക്രട്ടേറിയറ്റിലെ നൂറിലേറെ ജീവനക്കാർക്ക് കോവിഡ്

തിരുവനന്തപുരം: നിയമസഭാ സെക്രട്ടേറിയറ്റിലെ നൂറിലേറെ ജീവനക്കാർക്ക് കോവിഡ്. നൂറിലധികം ജീവനക്കാർക്ക് കോവിഡ് ബാധിച്ചതായി ചൂണ്ടിക്കാട്ടി ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് അസോസിയേഷൻ നിയമസഭ സെക്രട്ടറിക്ക് കത്ത് നൽകി.

സഭാസമിതികൾ യോഗങ്ങൾ ഉൾപ്പടെ രണ്ടാഴ്ചത്തേയ്ക്ക് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടാണ് കത്ത്. നിയമസഭാ സെക്രട്ടേറിയറ്റിൽ അടിയന്തര കോവിഡ് പ്രതിരോധ നടപടികൾ സ്വീകരിക്കണമെന്നും കത്തിൽ ആവശ്യപ്പെട്ടു. പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിനു ശേഷമാണ് സെക്രട്ടേറിയറ്റ് ജീവനക്കാരിൽ കോവിഡ് പടർന്നു പിടിക്കാൻ തുടങ്ങിയത്. രോഗബാധ റിപ്പോർട്ട് ചെയ്തു തുടങ്ങിയപ്പോൾ തന്നെ ഈ കാര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ വേണ്ടത്ര നടപടി സ്വീകരിക്കാതിരുന്നതാണ് നൂറിലധികം പേർക്ക് രോഗം വരാനും ജിവനക്കാരുടെ കുടുംബാംഗങ്ങൾക്ക് രോഗം പകരാനും കാരണമെന്ന് അസോസിയേഷൻ ആരോപിക്കുന്നു.

# 'സമുദ്ര': വനിതാ മത്സ്യ തൊഴിലാളികൾക്കായി സൗജന്യ ബസ് സർവ്വീസ്

## ഉദ്ഘാടനം മുഖ്യമന്ത്രി ഇന്ന് നിർവഹിക്കും

വനിത മത്സ്യവിപണന തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പും കെ. എസ്. ആർ. ടി. സിയും സംയുക്തമായി സമുദ്ര എന്ന പേരിൽ സൗജന്യ ബസ് സർവീസ് ആരംഭിക്കുന്നു. ഇതിന്റെ ഉദ്ഘാടനം ഇന്ന് (ആഗസ്റ്റ് 28) രാവിലെ 11.30ന് പാളയം മാർക്കറ്റിന് മുന്നിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിക്കും. മന്ത്രിമാരായ സജി ചെറിയാൻ, വി. ശിവൻകുട്ടി, ജി. ആർ. അനിൽ എന്നിവർ പങ്കെടുക്കും.

മത്സ്യത്തൊഴിലാളി സ്ത്രീകൾ വിപണനത്തിനായി പോകുമ്പോൾ നേരിടുന്ന യാത്രക്ളേശത്തിന് പരിഹാരം കാണുന്നതിനായാണ് പദ്ധതി ആരംഭിക്കുന്നത്. മൂന്ന് ലോഫ്ളോർ ബസുകളാണ് കെ. എസ്. ആർ. ടി. സി ഇതിനായി തയ്യാറാക്കിയിരിക്കുന്നത്. ഫിഷിംഗ് ഹാർബറുകളിൽ നിന്ന് തിരുവനന്തപുരത്തെ വിവിധ കച്ചവട കേന്ദ്രങ്ങളിലേക്ക് രാവിലെ ആറു മുതൽ 10 വരെയുള്ള സമയത്താണ് സർവീസുകൾ നടത്തുക. 24 പേർക്ക് ഒരു ബസിൽ യാത്ര ചെയ്യാൻ കഴിയും. മത്സ്യക്കൊട്ടകൾ സൗകര്യപ്രദമായി പുറത്തുനിന്ന് ലോഡ് ചെയ്യാവുന്ന വിധത്തിലുള്ള റോൾ പ്ളാറ്റ്ഫോം, ക്യാമറയിലൂടെ നിരീക്ഷിച്ച് ഡ്രൈവർ ഓപ്പറേറ്റ് ചെയ്യുന്ന ഡോറുകൾ, മ്യൂസിക്ക് സിസ്റ്റം, റിയർ ക്യാമറ എന്നീ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളി സ്ത്രീകൾ മത്സ്യവിപണനത്തിന് പോകുന്ന വേളയിൽ യാത്രാദുരിതത്തിനും പൊതു സർവ്വീസിൽ അവർ നേരിടുന്ന ബുദ്ധിമുട്ടുകൾക്കും അറുതി വരുത്തുന്നതിന് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പു വഴി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ് പദ്ധതി. ഇതിലേയ്ക്കായി പ്രത്യേകമായി തയ്യാറാക്കിയ 3 ലോഫ്ളോർ ബസുകൾ പ്രവർത്തിപ്പിയ്ക്കുന്നത് കെ. എസ്. ആർ. ടി. സി. യാണ്. ഫിഷിംഗ് ഹാർബറുകളിൽ നിന്നും മുൻകൂട്ടി തീരുമാനിച്ചിട്ടുള്ള റൂട്ടിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ കച്ചവട കേന്ദ്രങ്ങളിലേയ്ക്ക് രാവിലെ 6 മണിമുതൽ രാത്രി 10 മണിവരെയുള്ള സമയ വേളയിൽ പരമാവധി 2 സർവ്വീസുകളാണ് നിശ്ചയിച്ചിട്ടുള്ളത്.



സംസ്ഥാനത്തെ ദൈനംദിന മത്സ്യവിപണന ശൃംഖലയിൽ വനിതാ വിപണന തൊഴിലാളികൾക്കുള്ള പങ്ക് വളരെ വലുതാണ്. തെക്കൻ കേരളത്തിൽ 1970-80 കളിൽ അതായത് 5-ാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭത്തിൽ തന്നെ വനിതാ മത്സ്യ വിപണന തൊഴിലാളികൾ സജീവമായി തുടങ്ങിയിരുന്നു. എന്നാൽ ഇക്കഴിഞ്ഞ നാല്പതുവർഷക്കാലയാളവിൽ സംഭവിച്ചിട്ടുള്ള സാമൂഹിക സാമ്പത്തിക വികസനം സമസ്ത മേഖലകളിലും അഭൂതപൂർവ്വമായ പരിവർത്തനങ്ങൾ സൃഷ്ടിച്ചുവെങ്കിലും വനിതാ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക പിന്നോക്കാവസ്ഥയിലും ജീവിത നിലവാരത്തിലും ആശാവഹമായ ഒരു മാറ്റം കൊണ്ടുവരുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല എന്നത് മറച്ചുവയ്ക്കാൻ കഴിയാത്ത ഒരു യാഥാർത്ഥ്യമാണ്.

ഇന്ന് സംസ്ഥാനത്ത് ഈ മേഖലയിൽ ജോലി ചെയ്യുന്ന ഏകദേശം 98000 വരുന്ന വനിതാ തൊഴിലാളികളിൽ 20000 ത്തോളം പേർ തിരുവനന്തപുരം ജില്ലയിൽ ആണെന്നുള്ളത് കണക്കുകൾ സൂചിപ്പിയ്ക്കുന്നു. തീർത്തും അസംഘടിതമായ ഒരു തൊഴിലാളി സമൂഹമെന്ന നിലയിൽ സാമൂഹികമായി എന്നും അവഗണിയ്ക്കപ്പെട്ടു നിൽക്കുന്ന സ്ഥിതിയാണിവർക്കുള്ളത്. പൊതുധാരയിൽ തീരെ മാന്യത കുറഞ്ഞതും, വൃത്തി ഹീനവും, ദുർഗ്ഗന്ധ പൂരിതവുമായ അന്തരീക്ഷം മാത്രം ഉള്ള ഒരു തൊഴിൽ സാഹചര്യവും ഇവരെ പൊതു സമൂഹത്തിൽ നിന്നും പലവിധ ഒറ്റപ്പെടുത്തലുകൾക്കുവരെ കാരണമാകുന്നുവെന്ന സ്ഥിതിയും ഉണ്ട്.

വനിതാ വിപണന തൊഴിലാളികൾ ഏറെ പ്രയാസവും അരക്ഷിതാവസ്ഥയും നേരിടുന്ന ഒരു മുഖ്യ സന്ദർഭം പൊതുഗതാഗത മാർഗ്ഗങ്ങൾ മാത്രം ആശ്രയിച്ചുള്ള അവരുടെ യാത്രയിലാണ്. പുലർച്ചെയും രാത്രി വൈകിയും യാത്ര ചെയ്യേണ്ടിവരുന്ന ഇവർക്ക് സൗകര്യ പ്രദമായ രീതിയിൽ പൊതു ഗതാഗത സൗകര്യമുണ്ടാകില്ല എന്നു മാത്രമല്ല ഉള്ള സൗകര്യങ്ങളിൽ മത്സ്യം നിറച്ച വട്ടകയുമായി ബസിൽ യാത്രയ്ക്ക് അനുവദിയ്ക്കാത്ത ദയനീയമായ സ്ഥിതിയും നിലവിലുണ്ട്. അത്തരമൊരു പൊതു ഗതാഗത സൗകര്യം ലഭിച്ചാൽ തന്നെ വാഹനത്തിനുള്ളിൽ അവർക്ക് നേരിടേണ്ടിവരുന്ന തൊട്ടുകൂടായ്മയും, അസഭ്യവർഷവും അവരുടെ ദുർവ്വിധിയാണ്. സ്വന്തമായി ഒരു വാഹനം (ആട്ടോറിക്ഷ) വിളിച്ച് പോകുകയാണെങ്കിൽ തീരപ്രദേശത്തുനിന്ന് വിപണന മേഖലയായ പട്ടണത്തിലേയ്ക്ക് എത്തുന്നതിന് കുറഞ്ഞത് 500 രൂപയെങ്കിലും വാഹന കൂലിയിനത്തിൽ ചെലവാകും തിരികെ കൂടി പോകുകയാണെങ്കിൽ ഇത് ഇരട്ടിയാകും ആകെ കഷ്ടപ്പാടിന്റെ മധ്യത്തിൽ കഴിയുന്ന ഇവർക്ക് ഇതൊരു വലിയ ബാധ്യതയാണ്. കൂടാതെ നേരം വെളുക്കുന്നതിനുമുമ്പും രാത്രിയിലുമുള്ള യാത്രയുടെ സുരക്ഷിതത്വ കുറവും വേറെ.

തിരുവനന്തപുരം ജില്ലയുടെ തീരപ്രദേശത്തുനിന്നും പട്ടണപ്രദേശത്ത് ദൈനംദിനം മത്സ്യക്കച്ചവടത്തിനുവരുന്ന സ്ത്രീകളുടെ എണ്ണം ഏകദേശം 400 ഓളം ഉണ്ട്. ഇവർ 285 ഓളം മാർക്കറ്റ് സ്ഥാനങ്ങളിലേയ്ക്കാണ് പോയിവരുന്നത്. ഇവരുടെ യാത്രാ ദുരിതത്തിന് ഒരു സ്ഥായിയായ പരിഹാരം കാണണമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും തുടർന്ന് ഗതാഗത, മത്സ്യബന്ധന വകുപ്പു മന്ത്രിമാർ സംയുക്തമായി ആലോചിച്ചെടുത്ത ഒരു തീരുമാനത്തിന്റെ ശുഭപര്യവസനാമാണ് വനിതാ മത്സ്യത്തൊഴിലാളികൾക്കുമാത്രമായി ഒരു പ്രത്യേക സൗജന്യ യാത്രാ ബസ് എന്നത്.

കെ എസ്. ആർ. ടി. സിയും, ഫിഷറീസ് വകുപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിയ്ക്കുന്നത്. 24 പേർക്ക് യാത്രാ സൗകര്യം, അവരുടെ മത്സ്യ വട്ടകകൾ സൗകര്യപ്രദമായി പുറത്തുനിന്നു തന്നെ ലോഡ് ചെയ്യാവുന്ന റോൾ പ്ലാറ്റ്ഫോം, ക്യാമറയിലൂടെ നിരീക്ഷിച്ച് ഡ്രൈവർ ഓപ്പറേറ്റ് ചെയ്യുന്ന ഡോറുകൾ, മ്യൂസിക് സിസ്റ്റം, റിയർ ക്യാമറ എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള ലോ ഫ്ളോർ ബസുകളാണ് ഇതിനായി ഉപയോഗിയ്ക്കുന്നത്.

മത്സ്യത്തൊഴിലാളി വനിതകൾ നേരിടുന്ന അവഗണനയ്ക്കും സാമൂഹിക സാമ്പത്തിക പിന്നോക്ക അവസ്ഥയ്ക്കും ദുരിത പൂർണ്ണമായ തൊഴിൽ ജീവിത സാഹചര്യങ്ങൾക്കും അറുതി വരുത്തുന്നതിന് ഈ പദ്ധതി വളരെയധികം പ്രയോജനകരമാകുമെന്ന് മനസ്സിലാക്കിയാണ് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിലെ മാതൃക വരും വർഷങ്ങളിൽ കൂടുതൽ ജില്ലകളിലേയ്ക്കും വ്യാപിപ്പിയ്ക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു.

സർവ്വീസിന്റെ ഉദ്ഘാടനം കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾ 28-08-2021 ന് രാവിലെ 11.30 ന് പാളയം കണ്ണിമാര മാർക്കറ്റിന് മുൻപിൽ നിന്നും ഫ്ളാഗ് ഓഫ് നിർവ്വഹിയ്ക്കുന്നതാണ്. ചടങ്ങിൽ ശ്രീ സജി ചെറിയാൻ, ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി, ശ്രീ. ആന്റണി രാജു, ബഹു. ഗതാഗത വകുപ്പ് മന്ത്രി, ശ്രീ. വി. ശിവൻകുട്ടി, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ശ്രീ. ജി. ആർ. അനിൽ, ബഹു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി എന്നിവർക്ക് പുറമെ എം. എൽ. എ. മാർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രമുഖർ എന്നിവർ പങ്കെടുക്കുന്നതാണ്.

**പദ്ധതി ലക്ഷ്യങ്ങൾ**

1. മത്സ്യവിപണന വനിതാ തൊഴിലാളികൾക്ക് സുരക്ഷിതവും സൗജന്യവുമായ യാത്രാ സൗകര്യം ഒരുക്കുക.
2. വനിതാ മത്സ്യവിപണന തൊഴിലാളികളുടെ അനാരോഗ്യകരവും അരക്ഷിതവുമായി തൊഴിൽ സാഹചര്യം ഒഴിവാക്കുക..
3. വനിതാ മത്സ്യവിപണന തൊഴിലാളികളിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക പുരോഗതിയും അതിജീവനവും സാധ്യമാക്കുക.
4. മത്സ്യം കേടുകൂടാതെ യഥാസമയം ലാന്റിംഗ് സെന്ററുകളിൽ നിന്നും വിപണന കേന്ദ്രങ്ങളിൽ എത്തിക്കുക.

ബസിൽ ഒരുക്കിയിട്ടുള്ള പ്രത്യേക സൗകര്യങ്ങൾ

1. ഡ്രൈവർ പ്രവർത്തിപ്പിയ്ക്കുന്ന പ്രത്യേകം തയ്യാറാക്കിയ ബസിന്റെ പുറകിലുള്ള ഡോർ.
2. വട്ടകൾ നീക്കി ലോഡ് ചെയ്യാവുന്ന റോൾ പ്ലാറ്റ് ഫോം.
3. മറ്റ് അനുസാരികൾ സൂക്ഷിയ്ക്കുന്നതിന് ഓവർഹെഡ് റാക്ക്.
4. ഉപ്പു കലർന്ന മലിന ജലം സംഭരിയ്ക്കുന്നതിന് സംഭരണ ടാങ്ക്.
5. വനിതാ സൗഹൃദ ലോ ഫ്ളോർ പ്ലാറ്റ് ഫോം.
6. 24 യാത്രാ സീറ്റുകൾ.
7. പുറകിലെ പ്രവർത്തനം നിരീക്ഷിയ്ക്കുവാൻ ക്യാമറയും ഡ്രൈവർ ക്യാബിനിൽ മോണിറ്ററും.
8. വിനോദപ്രദമായ യാത്രയ്ക്ക് മ്യൂസിക് സിസ്റ്റം.

# പ്രതിഷേധം കടുപ്പിച്ച് കർഷകർ; സെപ്റ്റംബർ 25 ന് ഭാരത് ബന്ദ്

ന്യൂഡൽഹി: വിവാദ കാർഷിക നിയമങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കർഷകസംഘടനകൾ സെപ്റ്റംബർ 25 ന് ഭാരത് ബന്ദ് പ്രഖ്യാപിച്ചു. സംയുക്ത കിസാൻ മോർച്ചയാണ് ബന്ദ് പ്രഖ്യാപിച്ചിരിക്കുന്നത്. ഡൽഹിയിൽ ആരംഭിച്ച രണ്ടു ദിവസത്തെ ദേശീയ കർഷക കൺവൻഷനിലാണ് തീരുമാനം.

സമരം രാജ്യവ്യാപകമാക്കുന്നതിൻറെ ഭാഗമയി സംയുക്ത കിസാൻ മോർച്ചയുടെ കമ്മറ്റികൾ എല്ലാ സംസ്ഥാനങ്ങളിലും രൂപീകരിക്കും. മിഷൻ യുപിയുടെ ഭാഗമായി സെപ്റ്റംബർ അഞ്ചിന് മുസഫർനഗറിൽ മഹാപഞ്ചായത്ത് നടത്തും.

സെപ്റ്റംബർ 26ന് ഡൽഹി കേന്ദ്രീകരിച്ചുള്ള കർഷകസമരം 10 മാസം പിന്നിടും. 2020 നവംബർ 26 ന് സമരം ആരംഭിച്ചശേഷം കർഷകസംഘടനകളുടെ മൂന്നാമത് ഭാരത് ബന്ദാണിത്. കഴിഞ്ഞ ഡിസംബർ എട്ടിനും മാർച്ച് 26 നും കർഷകർ ഭാരത് ബന്ദ് നടത്തിയിരുന്നു.

# കള്ളിൽ കഞ്ചാവിൻെറ അംശം; 44 ഷാപ്പുകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം: കള്ളിൽ കഞ്ചാവിൻറെ സാന്നിധ്യം കണ്ടെത്തിയ സംഭവത്തിൽ നടപടിയുമായി സംസ്ഥാന എക്സൈസ് കമ്മീഷണർ. തൊടുപുഴ റേഞ്ചിന് കീഴിലുള്ള 44 ഷാപ്പുകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു. ജില്ലാ എക്സൈസ് മേധാവി നൽകിയ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് നടപടി. കള്ളിന് വീര്യം കൂട്ടുന്നതിനായി കഞ്ചാവ് ചേർത്ത് വിൽപ്പന നടത്തിയ ഇടുക്കിയിലെ 25 കള്ള് ഷാപ്പുകൾക്കെതിരെ നേരത്തെ എക്സൈസ് കേസെടുത്തിരുന്നു.

# വില കുത്തനെ ഇടിഞ്ഞു, തക്കാളികൾ റോഡിൽ ഉപേക്ഷിച്ച് കർഷകർ

ന്യൂഡൽഹി: തക്കാളിയുടെ വില കുത്തനെ ഇടിഞ്ഞതിൽ പ്രതിഷേധിച്ച് നാസിക്കിലെ കർഷകർ കൃഷി ചെയ്ത തക്കാളികൾ റോഡിൽ ഉപേക്ഷിച്ചു. മൊത്തവിപണിയിൽ കിലോക്ക് 4.5 രൂപയായി വില കുറഞ്ഞതിലെ പ്രതിഷേധമാണ് കർഷകർ പ്രകടിപ്പിച്ചത്. രാജ്യത്തെ ഏറ്റവും വലിയ തക്കാളി മാർക്കറ്റുകളുള്ളത് നാസിക്കിലാണ്.

10 ലക്ഷം കർഷകരാണ് നാസിക്കിൽ തക്കാളി ഉല്പാദിക്കുന്നത്. രാജ്യത്തെ 20ശതമാനം തക്കാളിയും നാസിക്കിൽ നിന്നാണ് എത്തുന്നത്. നിരവധി മാർക്കറ്റുകൾക്കടുത്തുള്ള റോഡുകളിലാണ് വിളവെടുത്ത തക്കാളികൾ കൂട്ടിയിട്ട് കർഷകർ പ്രതിഷേധിച്ചത്. മൊത്തവിപണിയിൽ കിലോക്ക് 13 രൂപയുണ്ടായിരുന്ന സ്ഥാനത്താണ് 65 ശതമാനം ഇടിഞ്ഞ് 4.5 രൂപയായത്.

സംസ്ഥാന സർക്കാരിന്റെ ശ്രദ്ധ തങ്ങളിലേക്ക് ആകർഷിക്കാനാണ് ഇത്തരമൊരു പ്രതിഷേധം സംഘടിപ്പിച്ചതെന്ന് കർഷകർ പറഞ്ഞു. ഒരു കിലോ തക്കാളി ഉല്പാദിപ്പിക്കണമെങ്കിൽ കുറഞ്ഞത് അഞ്ച് രൂപയെങ്കിലും ചെലവ് വരും. കൂടാതെ മാർക്കറ്റിലേക്ക് എത്തിക്കുന്ന വാഹനചെലവ് വേറെ. അവർ പറഞ്ഞു. വലിയ രീതിയിലുള്ള ഉല്പാദനമാണ് തക്കാളിക്ക് വില കുറയാൻ കാരണമെന്ന് നാസിക്കിലെ കൃഷിവകുപ്പ് അധികൃതർ പറഞ്ഞു.




ധനമന്ത്രി കെ.എൻ.ബാലഗോപാലിന്റെ അധ്യക്ഷതയിൽ നടന്ന സംസ്ഥാന ഭാഗ്യക്കുറി അവലോകനയോഗം.

# വെള്ളിയാഴ്ച 32,801 പേർക്ക് കോവിഡ്; 18,573 പേർ രോഗമുക്തി നേടി

കേരളത്തിൽ വെള്ളിയാഴ്ച 32,801 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. മലപ്പുറം 4032, തൃശൂർ 3953, എറണാകുളം 3627, കോഴിക്കോട് 3362, കൊല്ലം 2828, പാലക്കാട് 2727, തിരുവനന്തപുരം 2255, ആലപ്പുഴ 2188, കണ്ണൂർ 1984, കോട്ടയം 1877, പത്തനംതിട്ട 1288, ഇടുക്കി 1125, വയനാട് 961, കാസർഗോഡ് 594 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 1,70,703 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 19.22 ആണ്. റുട്ടീൻ സാമ്പിൾ, സെന്റിനൽ സാമ്പിൾ, സിബി നാറ്റ്, ട്രൂനാറ്റ്, പി.ഒ.സി.ടി. പി.സി.ആർ., ആർ.ടി. എൽ.എ.എം.പി., ആന്റിജൻ പരിശോധന എന്നിവ ഉൾപ്പെടെ ഇതുവരെ 3,09,56,146 ആകെ സാമ്പിളുകളാണ് പരിശോധിച്ചത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 179 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 20,313 ആയി.

രോഗം സ്ഥിരീകരിച്ചവരിൽ 144 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 31,281 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 1260 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. മലപ്പുറം 3926, തൃശൂർ 3935, എറണാകുളം 3539, കോഴിക്കോട് 3327, കൊല്ലം 2822, പാലക്കാട് 1848, തിരുവനന്തപുരം 2150, ആലപ്പുഴ 2151, കണ്ണൂർ 1905, കോട്ടയം 1797, പത്തനംതിട്ട 1255, ഇടുക്കി 1105, വയനാട് 944, കാസർഗോഡ് 577 എന്നിങ്ങനെയാണ് സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

116 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. കണ്ണൂർ 25, പത്തനംതിട്ട 18, പാലക്കാട്, കാസർഗോഡ് 13 വീതം, വയനാട് 11, എറണാകുളം 7, തിരുവനന്തപുരം, തൃശൂർ 6 വീതം, കൊല്ലം, ആലപ്പുഴ 5 വീതം, കോട്ടയം, ഇടുക്കി, കോഴിക്കോട് 2 വീതം, മലപ്പുറം 1 എന്നിങ്ങനെ ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 18,573 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1258, കൊല്ലം 2325, പത്തനംതിട്ട 545, ആലപ്പുഴ 1230, കോട്ടയം 745, ഇടുക്കി 616, എറണാകുളം 1843, തൃശൂർ 2490, പാലക്കാട് 2190, മലപ്പുറം 1948, കോഴിക്കോട് 1524, വയനാട് 220, കണ്ണൂർ 1191, കാസർഗോഡ് 448 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 1,95,254 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 37,30,198 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,98,491 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,69,946 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റീനിലും 28,545 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 3101 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ പ്രദേശങ്ങളെ തരംതിരിച്ചിട്ടുണ്ട്. 70 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലായി 353 വാർഡുകളാണ് ഡബ്ല്യു.ഐ.പി.ആർ. എട്ടിന് മുകളിലുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

# കേരളത്തിലെ കോവിഡ് പ്രതിരോധം മികച്ചത്: മന്ത്രി വീണാ ജോർജ്

## ബ്രേക്ക് ത്രൂ ഇൻഫക്ഷൻ പഠനം നടത്തിയ ഏക സംസ്ഥാനം കേരളം

## സ്വയം പ്രതിരോധം ഏറെ പ്രധാനം

തിരുവനന്തപുരം: കേരളത്തിലെ കോവിഡ് പ്രതിരോധം മികച്ചതാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. രോഗികളെ കണ്ടെത്തൽ, രോഗ പ്രതിരോധം, ചികിത്സ, വാക്സിനേഷൻ, കുറഞ്ഞ മരണനിരക്ക് എന്നിവയെല്ലാം സംസ്ഥാനം ഏറ്റവും മികച്ചനിലയിലാണ്. ഓരോ കേസും കണ്ടെത്തി ചികിത്സ ഉറപ്പാക്കുകയാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. ഏറ്റവും മികച്ച രീതിയിൽ രോഗനിർണയം നടത്തുന്ന സംസ്ഥാനമാണ് കേരളം. ആറുകേസിൽ ഒരെണ്ണം വീതം കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു. അതിന്റെയർത്ഥം പരമാവധി രോഗികളെ നാം കണ്ടെത്തുന്നു എന്നാണ്. ദേശീയ ശരാശരി 33ൽ ഒന്നാണ്. ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നൂറിലൊരു കേസാണ് കണ്ടെത്തുന്നത്. 70.24 ശതമാനം പേർ ആദ്യഡോസ് വാക്സിനെടുത്തു. 25.51 ശതമാനം പേർ രണ്ടാം ഡോസും എടുത്തു. 60 വയസിന് മുകളിലുള്ളവർ, കിടപ്പുരോഗികൾ, അനുബന്ധരോഗമുള്ളവർ എന്നിവർക്കെല്ലാം വാക്സിൻ ഉറപ്പാക്കിയെന്നും മന്ത്രി പറഞ്ഞു. മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി.

ഐ.സി.എം.ആർ. നടത്തിയ സെറോ സർവയലൻസ് പഠനമനുസരിച്ച് കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 42.7 ശതമാനം ആളുകൾക്ക് മാത്രമേ രോഗം വന്നോ വാക്സിനെടുത്തോ ആന്റിബോഡി കൈവരിച്ചിട്ടുള്ളൂ. ഇനിയും രോഗം വരാനുള്ളവർ 50 ശതമാനത്തിലധികമായതിനാൽ കൂടുതൽ ജാഗ്രത പുലർത്തണം. ഇനി പരമാവധി പേർക്ക് വാക്സിൻ നൽകി സുരക്ഷിതമാക്കാനാണ് സംസ്ഥാനം ശ്രമിക്കുന്നത്. കോവിഡ് പ്രതിരോധത്തിന് രാഷ്ട്രീയമില്ല. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ഒന്നിച്ചു നിന്ന് ഈ പ്രതിസന്ധി മറികടക്കണമെന്നും മന്ത്രി പറഞ്ഞു.

കോവിഡ് മരണം കൃത്യമായി ജില്ലാതലത്തിൽ തന്നെ ഓരോ ദിവസവും പ്രഖ്യാപിക്കുന്നുണ്ട്. ഇതിന് പ്രത്യേക സൈറ്റും ആരോഗ്യ വകുപ്പ് തയാറാക്കിയിട്ടുണ്ട്. സർക്കാർ കേന്ദ്രങ്ങളിൽ ആന്റിജൻ പരിശോധന നെഗറ്റീവായാൽ പലപ്പോഴും ആർടിപിസിആറും ചെയ്യാറുണ്ട്. ഒരു രോഗിയെപോലും കണ്ടെത്താതെ പോകരുതെന്ന ലക്ഷ്യമാണ് ഇതിന് പിന്നിൽ.

സംസ്ഥാനത്ത് കോവിഡ് രോഗികളുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ സ്വയം പ്രതിരോധത്തിന് പ്രാധാന്യം നൽകണം. ഒത്തുചേരലുകൾ കഴിവതും ഒഴിവാക്കണം. ബന്ധുവീടുകളിലെ സന്ദർശനം പരമാവധി ഒഴിവാക്കണം. കുട്ടികൾക്ക് വാക്സിൻ ലഭ്യമായിട്ടില്ലാത്തതിനാൽ അവരെ കൂടുതൽ ശ്രദ്ധിക്കണം. കുട്ടികളുമായി പുറത്തുപോകുന്നതും ബന്ധുവീടുകൾ സന്ദർശിക്കുന്നതും ഒഴിവാക്കണം. വ്യാപനം തടയുന്നതിനായി വ്യക്തിപരമായ ഇടപെടൽ ഉണ്ടാകണമെന്നും മന്ത്രി

മെയ് 12ന് 43,529 പേർക്ക് കോവിഡ് സ്ഥിരീകരിച്ചതാണ് സംസ്ഥാനത്തെ ഉയർന്ന കോവിഡ് കേസ്. 2020ൽ ഓണത്തിന് മുമ്പ് ആഗസ്തിൽ 1500ഓളം രോഗികളാണ് പ്രതിദിനം ഉണ്ടായിരുന്നത്. എന്നാൽ ഓണത്തിന് ശേഷം സെപ്റ്റംബറോടെ ഇത് മൂന്നിരട്ടിയായി വർധിച്ചു. ഒക്ടോബറിൽ ഏഴിരട്ടിയായി വർധിച്ച് 12,000 ൽ അധികം രോഗികളുണ്ടായി. ഇത്തവണയും ഈ ജാഗ്രതനിർദേശം ആരോഗ്യവകുപ്പ് നൽകിയിരുന്നു. ഇനിയും ശ്രദ്ധിച്ചാൽ രോഗ വ്യാപനം തടയാനാകും.

ബ്രേക്ക് ത്രൂ ഇൻഫക്ഷൻ സംബന്ധിച്ച് പഠനം നടത്തിയ ഏക സംസ്ഥാനം കേരളമാണ്. ജില്ലാതലത്തിൽ ലഭ്യമാകുന്ന മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയാണ് കേരളം ഇത്തരം പഠനങ്ങൾ നടത്തുന്നത്.

ഐസിയു, വെന്റിലേറ്റർ കിടക്കകളിൽ രോഗികൾ വളരെ കുറവാണ്. ഐസിയുവിൽ 2131 എണ്ണത്തിലും വെന്റിലേറ്ററിൽ 757 എണ്ണത്തിലും മാത്രമാണ് രോഗികളുള്ളത്. സർക്കാർ ആശുപത്രികളിലെ ഐസിയുകളിൽ 43 ശതമാനവും വെന്റിലേറ്ററുകളിൽ 75 ശതമാനവും ഒഴിഞ്ഞുകിടക്കുകയാണ്.

തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഡിസിസികളിൽ 82 ശതമാനം കിടക്കകൾ ഒഴിഞ്ഞുകിടക്കുകയാണ്. 720 കേന്ദ്രങ്ങളിലായി 33,394 കിടക്കളാണ് ഡിസികളിലുള്ളത്. അതിൽ 6013 എണ്ണത്തിൽ മാത്രമാണ് രോഗികളുള്ളത്. സിഎഫ്എൽടിസികളിൽ 66ഉം സിഎസ്എൽടിസികളിൽ 54ഉം ശതമാനം കിടക്കകൾ ഒഴിഞ്ഞുകിടക്കുകയാണ്.

വീടുകളിൽ സമ്പർക്കവിലക്കിൽ കഴിയുന്നവർ എല്ലാ മാനദണ്ഡങ്ങളും പാലിക്കണം. സൗകര്യമില്ലാത്തവർ കഴിവതും ഡിസിസികളിലേക്ക് മാറണം. പരിശോധന ഫലം വരുന്നതുവരെ ഒറ്റയ്ക്ക് കഴിയണം. നിലവിലുള്ള രോഗവർധന സംബന്ധിച്ച് അവലോകനം നടത്തും.

സംസ്ഥാനത്ത് മരണനിരക്ക് 0.5 ശതമാനത്തിനടുത്താണ്. ദേശീയ ശരാശരിയുടെ ഇരട്ടി ജനസാന്ദ്രതയുള്ള സംസ്ഥാനമാണ് കേരളം. നഗര ഗ്രാമ വ്യത്യാസം ഇക്കാര്യത്തിലില്ല. എന്നിട്ടും മരണനിരക്ക് പിടിച്ചുനിർത്താൻ കഴിഞ്ഞു.

കോവിഡ് രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്ന കാര്യത്തിൽ സർക്കാരിന്റെ നയങ്ങൾക്ക് മാറ്റമില്ല. ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണം ആവശ്യമെങ്കിൽ അതിനുള്ള നടപടിയും ഉടൻ സ്വീകരിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

# നൗഷാദിന്റെ നിര്യാണത്തിൽ സഹകരണമന്ത്രി അനുശോചിച്ചു

രുചി കൂട്ടുകളിലൂടെ ജനമനസിൽ സ്ഥാനം നേടിയ കെ. നൗഷാദിന്റെ അകാല വിയോഗത്തിൽ സഹകരണം, രജിസ്ട്രേഷൻ മന്ത്രി അനുശോചനം രേഖപ്പെടുത്തി.

പഠനത്തിന് ശേഷം പാചകരംഗത്തേയ്ക്ക് വന്ന നൗഷാദ് പുത്തൻ രുചി കൂട്ടുകളും പുതിയ സങ്കേതങ്ങളുമായി കാറ്ററിംഗ് രംഗത്ത് കുതിപ്പിന് കളമൊരുക്കി.

വിദേശ രാജ്യങ്ങളിൽ സ്വന്തം നാട്ടിലെ തനത് വിഭവങ്ങൾ ജനകീയമാക്കുന്നതിനൊപ്പം അവിടങ്ങളിലെ വിഭവങ്ങളുമൊരുക്കി ശ്രദ്ധേയനായി. സിനിമാ രംഗത്തും നിർമ്മാതാവെന്ന നിലയിൽ സ്ഥാനം ഉറപ്പിച്ചു.

ഭക്ഷണപ്രിയരായ നിരവധി ആരാധകരുള്ള അദ്ദേഹം തികച്ചും സാധാരണക്കാരനായാണ് ജീവിച്ചത്.

നൗഷാദിന്റെ വിയോഗത്തിൽ ദുഃഖാർത്തരായ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും അനുശോചനം അറിയിക്കുന്നതായി മന്ത്രി വി.എൻ. വാസവൻ പറഞ്ഞു.

# കോവിഡിന് ഹോമിയോ ചികിത്സ: അനുമതി നൽകണമെന്ന് ഹൈക്കോടതി

കൊച്ചി: കോവിഡ് ചികിത്സയ്ക്ക് കേരള സർക്കാർ ഹോമിയോപ്പതി സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. 28 ദിവസത്തിനം ഹോമിയോപ്പതിയിൽ കോവിഡ് ചികിത്സിക്കാൻ അവസരം ഒരുക്കണമെന്നാണ് ഹൈക്കോടതി ഉത്തരവ്. ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഹോമിയോപ്പതി കേരള നൽകിയ ഹർജിയിലാണ് ഉത്തരവുണ്ടായിരിക്കുന്നത്. ആരോഗ്യ വകുപ്പ് സെക്രട്ടറിയോട് അടക്കം കോടതി വിധി നടപ്പിലാക്കാനും നിർദ്ദേശമുണ്ട്.

നേരത്തെ ഗുരുതരമല്ലാത്ത കോവിഡ് രോഗികൾക്കു ഹോമിയോപ്പതി ചികിത്സ നൽകാമെന്ന് കേന്ദ്രം നിർദ്ദേശിക്കുകയും കോടതി ഉത്തരവുകൾ വരികയും ചെയ്തെങ്കിലും കേരളത്തിൽ മാത്രം അനുമതി നൽകിയിരുന്നില്ല. മറ്റു പല സംസ്ഥാനങ്ങളും കേന്ദ്രനിർദ്ദേശം അനുസരിച്ച് ഹോമിയോ ചികിത്സ കൂടി നടത്തുന്നുണ്ട്. എന്നാൽ ഏറ്റവുമധികം കോവിഡ് രോഗികൾ ഉള്ള കേരളത്തിൽ ഇതിന് അനുമതി നൽകാത്തതിൽ വൈരുധ്യം ഉണ്ടെന്നു ഹോമിയോ ഡോക്ടർമാർ ചൂണ്ടിക്കാട്ടിയിരുന്നു. ഇക്കാര്യം കൂടി ചൂണ്ടിക്കാട്ടിയാണ് ഹോമിയോ ഡോക്ടർമാർ കോടതിയെ സമീപിച്ചത്. ഈ ഹർജിയിലാണ് ജസ്റ്റിസ് ഷാജി പി ചാലി ഉത്തരവ് പുറപ്പെടുവിച്ചത്.

ക്വാറന്റൈനിൽ ഉള്ളവരേയും നേരിയ രോഗലക്ഷണങ്ങൾ ഉള്ളവരെയും ചികിത്സിക്കാൻ സർക്കാർ അനുവദിക്കണമെന്നാണ് ഹോമിയോ ഡോക്ടർമാരുടെ സംഘടന നേരത്തെ തന്നെ ആവശ്യപ്പെട്ടിരുന്നത്.

കേരളത്തിലെ രണ്ട് ഹോമിയോപ്പതി മെഡിക്കൽ കോളേജുകൾ ഇപ്പോൾ അലോപ്പതി സിഎഫ്എൽടിസികളായാണ് പ്രവർത്തിക്കുന്നത്. സർക്കാരിന്റെ ഡിസ്പെൻസറികളിലെ ഹോമിയോപ്പതി മെഡിക്കൽ ഓഫീസർമാർ അലോപ്പതി സിഎഫ്എൽടിസികളിലും ജോലി ചെയ്യുന്നു. ഹോമിയോപ്പതി ചികിത്സാ സൗകര്യങ്ങളും ഡോക്ടർമാരുടെ സേവനവും ഹോമിയോ ചികിത്സയ്ക്കായി തന്നെ പ്രയോജനപ്പെടുത്തണമെന്ന ആവശ്യമാണ് ഹോമിയോ ഡോക്ടർമാർ ശക്തമായി ഉന്നയിക്കുന്നത്.

കോവിഡിന്റെ ഒന്നാംഘട്ടത്തിൽ ഹോമിയോപ്പതിക് ഇമ്യൂൺ ബൂസ്റ്റർ മരുന്നുകൾ ഉപയോഗിച്ചവരിൽ രോഗം മൂർച്ഛിച്ചത് വളരെക്കുറവാണെന്ന് സിസിആർഎച്ച് പഠനം വ്യക്തമാക്കിയിരുന്നു. ശ്വസനപ്രക്രിയയെ ഉത്തേജിപ്പിച്ച് ശരീരത്തിലെ ഓക്സിജൻ അളവ് ക്രമപ്പെടുത്താനും ശ്വാസകോശത്തെ ബാധിക്കുന്ന അണുബാധയെ ചെറുക്കാനുമുള്ള മരുന്നുകൾ ഹോമിയോപ്പതിയിലുണ്ടെന്നും ഹോമിയോ ഡോക്ടർമാരുടെ സംഘടനയായ ഐഎച്ച്എംഎ വ്യക്തമാക്കുന്നു.

# വിമർശനങ്ങൾ ജനവികാരം സർക്കാരിനെതിരാക്കാൻ: മുഖ്യമന്ത്രി



തിരുവനന്തപുരം: കോവിഡ് പ്രതിരോധത്തെ സംബന്ധിച്ച വിമർശനങ്ങളെ തളളി മുഖ്യമന്ത്രി പിണറായി വിജയൻ. കോവിഡ് രണ്ടാംതരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന വിമർശനങ്ങൾ അനാവശ്യമാണെന്ന് മുഖ്യമന്ത്രി കുറ്റപ്പെടുത്തി. ജനവികാരം സർക്കാരിനെതിരാക്കാനും കോവിഡിനെതിരായുള്ള പോരാട്ടത്തെ പൊതുജനങ്ങൾ ലാഘവത്തോടെ കാണുന്ന സാഹചര്യം സൃഷ്ടിക്കാനുമുള്ള നീക്കങ്ങളാണ് ഇതെന്നും പിണറായി വിജയൻ ആരോപിച്ചു. ചിന്ത വാരികയിലെഴുതിയ ലേഖനത്തിലാണ് മുഖ്യമന്ത്രി പ്രതിപക്ഷത്തിന്റെ വിമർശനങ്ങൾക്ക് മറുപടി നൽകിയിരിക്കുന്നത്.

'കേരളത്തിൽ, മറ്റിടങ്ങളെ അപേക്ഷിച്ച് താമസിച്ചാണ് രണ്ടാം തരംഗം ആരംഭിച്ചതെന്നും കേരളത്തിൽ രോഗബാധയേൽക്കാൻ റിസ്ക് ഫാക്ടറുകൾ ഉള്ളവർ ധാരാളമായി ഉണ്ടെന്നതും അറിയാത്തവരല്ല വിമർശനങ്ങൾ ഉയർത്തുന്നത്. രാജ്യത്തെ വൻനഗരങ്ങൾ കഴിഞ്ഞാൽ ഏറ്റവുമധികം ജനസാന്ദ്രതയുള്ള പ്രദേശമാണ് ഇത്. രോഗം വലിയ രീതിയിൽ വ്യാപിച്ച വിദേശരാജ്യങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്ന സംസ്ഥാനമാണ് കേരളം. മഹാമാരിക്കെതിരായുള്ള ഏറ്റവും ഫലപ്രദമായ പ്രതിരോധം സമ്പൂർണ്ണ വാക്സിനേഷൻ ആണെന്നതും അതുറപ്പുവരുത്താനുള്ള ഉത്തരവാദിത്തം കേന്ദ്ര സർക്കാരിനാണ് എന്നതും, അറിയാവുന്നവർ, അതൊക്കെ മറച്ചുവച്ചുകൊണ്ട് ബോധപൂർവ്വം ആശയക്കുഴപ്പം സൃഷ്ടിക്കുകയാണ്. കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് ജനങ്ങൾ നൽകിവരുന്ന അകമഴിഞ്ഞ സഹകരണത്തെ അട്ടിമറിക്കാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്.' മുഖ്യമന്ത്രി എഴുതുന്നു.

കേരളം പിന്തുടർന്ന മാതൃക തെറ്റാണെങ്കിൽ ഏത് മാതൃകയാണ് സ്വീകരിക്കേണ്ടതെന്നും അദ്ദേഹം ചോദിക്കുന്നുണ്ട്. കേരളത്തിൽ ഒരാൾ പോലും ഓക്സിജൻ കിട്ടാതെ മരിച്ചിട്ടില്ലെന്ന് ചൂണ്ടിക്കാണിച്ച മുഖ്യമന്ത്രി കേരളം ഒരു തുള്ളി വാക്സിൻ പോലും കേരളം നഷ്ടപ്പെടുത്തിയിട്ടില്ലെന്നതും ഓർമിപ്പിച്ചു. മൂന്നാംതരംഗത്തെ നേരിടാനുള്ള ഇടപെടലുകൾ സർക്കാർ നടപ്പാക്കുന്നുണ്ട്. കുഞ്ഞുങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താനായി പീഡിയാട്രിക് ഐസിയുകളിലെ കിടക്കകളുടെ എണ്ണം വർധിപ്പിക്കുകയും തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും പീഡിയാട്രിക് ഐസിയു വാർഡുകൾ ഒരുക്കുന്നതിനും തുടക്കമിട്ടിട്ടുണ്ട്. തദ്ദേശീയമായി വാക്സിൻ ഉത്പാദിപ്പിക്കാനുള്ള ശ്രമങ്ങളും കേരളം നടത്തുകയാണ്.

അനാവശ്യ വിവാദങ്ങൾക്ക് ചെവി കൊടുത്ത് ഉത്തരവാദിത്തത്തിൽ വീഴ്ച വരുത്താൻ സർക്കാർ ആഗ്രഹിക്കുന്നില്ലെന്നും ലേഖനത്തിൽ മുഖ്യമന്ത്രി വ്യക്തമാക്കുന്നു. 'കേരള മോഡൽ എന്നുമൊരു ബദൽ കാഴ്ചപ്പാടാണ് ഉയർത്തിപ്പിടിച്ചിട്ടുള്ളത്. ഈ കോവിഡ് മഹാമാരിയുടെ ഘട്ടത്തിലും സർക്കാരിന്റെ ഉത്തരവാദിത്തം പ്രത്യേകിച്ച് ആരോഗ്യ, ക്ഷേമ, വികസന കാര്യങ്ങളിൽ ഊട്ടിയുറപ്പിക്കുന്ന ബദൽ കാഴ്ചപ്പാടാണ് കേരളം മുന്നോട്ടുവെച്ചിട്ടുള്ളത്. ആ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ നിന്നും ഒരിഞ്ചുപോലും സർക്കാർ പുറകോട്ടു പോകില്ല.' മുഖ്യമന്ത്രി എഴുതുന്നു.



താമസസ്ഥലത്തെ ശല്യം കാരണം ട്രെയിനുകളിൽ അന്തിയുറങ്ങിയിരുന്ന മഞ്ജുവിനെയും മക്കളെയും ചിന്നക്കടയിലെ പൊതുമരാമത്ത് റസ്റ്റ് ഹൗസിൽ വനിതാ കമ്മിഷൻ അംഗം ഡോ. ഷാഹിദാ കമാൽ ആശ്വസിപ്പിക്കുന്നു


'കായികപോഷണം' കായിക വിദ്യാർഥികൾക്കുള്ള ഭക്ഷ്യക്കിറ്റുകളുടെ വിതരണോദ്ഘാടനം കായികമന്ത്രി വി. അബ്ദുറഹ്മാൻ നിർവഹിക്കുന്നു. മന്ത്രിമാരായ ജി.ആർ. അനിൽ, ആൻറണി രാജു എന്നിവർ സമീപം

# 'ഭരണഘടനയുടെ നിർമ്മാണം' ഇഫോട്ടോ പ്രദർശനം, 'ചിത്രാഞ്ജലി@75' വെർച്വൽ ഫിലിം പോസ്റ്റർ പ്രദർശനം എന്നിവ ശ്രീ അനുരാഗ് ഠാക്കൂർ ഉദ്ഘാടനം ചെയ്തു

ന്യൂഡൽഹി: 'ഭരണഘടനയുടെ നിർമ്മാണം' ('M-a-k-in-g o-f th-e Con-sti-tu-tion') ഇഫോട്ടോ പ്രദർശനം, 'ചിത്രാഞ്ജലി@75' വെർചൽ ഫിലിം പോസ്റ്റർ പ്രദർശനം എന്നിവ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി ശ്രീ അനുരാഗ് ഠാക്കൂർ, കേന്ദ്ര വിനോദസഞ്ചാര സാംസ്കാരിക മന്ത്രി ശ്രീ ജി കിഷൻ റെഡ്ഡി എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി ഡോ. എൽ. മുരുകൻ, സാംസ്കാരിക സഹമന്ത്രിമാരായ ശ്രീ അർജുൻ റാം മേഘ്വാൾ, ശ്രീമതി മീനാക്ഷി ലേഖി എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ആസാദി കാ അമൃത് മഹോത്സവത്തോടനുബന്ധിച്ച് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം നടത്തുന്ന ഐകോണിക് വാരാഘോഷത്തിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. ഭരണഘടന നിർമ്മാണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക എന്നതാണ് ഇഫോട്ടോ പ്രദർശനത്തിന്റെ ഉദ്ദേശ്യം എന്ന് ചടങ്ങിൽ സംസാരിച്ച ശ്രീ അനുരാഗ് ഠാക്കൂർ പറഞ്ഞു. ഇത് യുവാക്കളെ അവരുടെ അവകാശങ്ങൾ ഓർമ്മപ്പെടുത്തുകയും രാജ്യത്തോടുള്ള അവരുടെ കടമകളെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യും. ചിത്രാഞ്ജലി@75 ഇന്ത്യൻ സിനിമയുടെ 75 വർഷത്തെ പ്രതിനിധീകരിക്കുന്നതാണ് എന്ന് മന്ത്രി പറഞ്ഞു. ഇത് നമ്മുടെ സ്വാതന്ത്ര്യസമര സേനാനികളുടെയും, സാമൂഹിക പരിഷ്കർത്താക്കളുടെയും, സൈനികരുടെ വീരതയുടെയും പവിത്രമായ ഓർമ്മകൾ ഉണർത്തുമെന്ന് തനിക്ക് ഉറപ്പുള്ളതായി മന്ത്രി പറഞ്ഞു. പോസ്റ്റർ പ്രദർശനത്തിൽ അത്തരം 75 ഐകോണിക് സിനിമകൾ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശ്രീ ഠാക്കൂറിനൊപ്പം ശ്രീ റെഡ്ഡി, ഡോ. എൽ. മുരുകൻ, ശ്രീ അർജുൻ റാം മേഘ്വാൾ, ശ്രീമതി മീനാക്ഷി ലേഖി എന്നിവർ ചേർന്ന് പ്രദർശനത്തിൽ നിന്നുള്ള ചിത്രങ്ങളുടെ ഒരു കൊളാഷ് പ്രകാശനം ചെയ്തു. 'ഭരണഘടനയുടെ നിർമ്മാണം' ചിത്രീകരിക്കുന്ന ഇബുക്കിൽ 25ഓളം അപൂർവ ചിത്രങ്ങൾ ഉൾപ്പെടുന്നുണ്ട്. ഓൾ ഇന്ത്യ റേഡിയോ ആർക്കൈവ്സ്, ഫിലിംസ് ഡിവിഷൻ എന്നിവയിൽ നിന്ന് ശേഖരിച്ച വീഡിയോകളിലേക്കും പ്രസംഗങ്ങളിലേക്കും ഇതിൽ നിന്ന് ലിങ്കുകളുമുണ്ട്. സ്വാതന്ത്ര്യസമരത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ഒരു വർഷം കൊണ്ട് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന ഇപുസ്തക പരമ്പരയിലെ ആദ്യത്തേതാണ് ഇത്.

ഹിന്ദിയിലും, ഇംഗ്ലീഷിലും, മലയാളം ഉൾപ്പെടെ 11 മറ്റ് ഭാഷകളിലും ഇബുക്ക് ലഭ്യമാകും. ഇബുക്ക്, h-ttp-s://con-sti-tu-tion-o-f-in-d-i-a.in/ ൽ ലഭ്യമാണ്. വെർചൽ പ്രദർശനത്തിൽ, വീഡിയോകളുടെയും പ്രസംഗങ്ങളുടെയും ഒരു ശേഖരവും ഇസർട്ടിഫിക്കറ്റ് ലഭിക്കുന്ന ചോദ്യോത്തര പരിപാടിയും ഇതിൽ ഉണ്ട്.

ഉപയോക്തൃ സൗഹൃദമായ 'ചിത്രാഞ്ജലി @ 75' പ്രദർശനത്തിൽ, ഷെയറിങ്, ഡൗൺ ലോഡ് എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. h-ttp-s://www.n-f-a-i.gov.in/v-ir-tu-a-l-po-ster-ex-h-i-b-i-tion.p-hp ൽ ഈ പ്രദർശനം ലഭ്യമാണ്.

# ഹോം ഐസൊലേഷനിൽ കൂടുതൽ ശ്രദ്ധ വേണം

അതിവ്യാപന ശേഷിയുള്ള ഡെൽറ്റ വകഭേദം ചുറ്റുപാടും നിലനിൽക്കുന്നതിനാൽ എല്ലാവരും ശ്രദ്ധിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. ഹോം ഐസൊലേഷനിൽ കഴിയുന്നവരും അവരുടെ വീട്ടുകാരും അൽപം ശ്രദ്ധിച്ചാൽ മറ്റുള്ളവർക്ക് രോഗം വരാതെ സംരക്ഷിക്കാനാകും. ഹോം ഐസൊലേഷൻ എന്നത് വീട്ടിലെ ഒരു മുറിയിൽ തന്നെ കഴിയണമെന്നതാണ്. ഒരു കാരണവശാലും മറ്റുള്ളവരുമായി ഇടപഴകരുത്. കോവിഡ് പോസിറ്റീവ് ആണെങ്കിലും മറ്റ് രോഗ ലക്ഷണങ്ങളില്ലാത്തവർക്കാണ് ഹോം ക്വാറന്റൈൻ അനുവദിക്കുന്നത്. ഗൃഹാന്തരീക്ഷമാണ് പലരും ആഗ്രഹിക്കുന്നത്. ആരോഗ്യ പ്രവർത്തകരുടെ മേൽനോട്ടത്തിലാണ് ഹോം ഐസൊലേഷൻ എന്നതാണ് കേരളത്തിന്റെ പ്രത്യേകത. ഗുരുതരാവസ്ഥ സംഭവിക്കുകയാണെങ്കിൽ ആശുപത്രികളിലേക്ക് എത്തിക്കാനുള്ള ത്രിതല സംവിധാനങ്ങളുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ബാത്ത് അറ്റാച്ച്ഡ് ആയതും വായു സഞ്ചാരമുള്ളതുമായ മുറിയിലാണ് ഹോം ഐസൊലേഷനിലുള്ളവർ കഴിയേണ്ടത്. അതിന് സൗകര്യമില്ലാത്തവർക്ക് ഡൊമിസിലിയറി കെയർസെന്ററുകൾ ലഭ്യമാണ്. എ.സി.യുള്ള മുറി ഒഴിവാക്കണം. വീട്ടിൽ സന്ദർശകരെ പൂർണമായും ഒഴിവാക്കേണ്ടതാണ്. ഹോം ഐസൊലേഷനിൽ കഴിയുന്നവർ മുറിക്ക് പുറത്തിറങ്ങാൻ പാടില്ല. ഇടയ്ക്കിടയ്ക്ക് കൈകൾ കഴുകണം. അഥവാ മുറിക്ക് പുറത്ത് രോഗി ഇറങ്ങിയാൽ സ്പർശിച്ച പ്രതലങ്ങൾ അണുവിമുക്തമാക്കണം. വീട്ടിലുള്ള എല്ലാവരും ഡബിൾ മാസ്ക് ധരിക്കേണ്ടതാണ്. രോഗീ പരിചണം നടത്തുന്നവർ എൻ 95 മാസ്ക് ധരിക്കേണ്ടതാണ്.

ആഹാര സാധനങ്ങൾ, ടിവി റിമോട്ട്, ഫോൺ മുതലായ വസ്തുക്കൾ രോഗമില്ലാത്തവരുമായി പങ്കുവയ്ക്കാൻ പാടില്ല. കഴിക്കുന്ന പാത്രങ്ങളും ധരിച്ച വസ്ത്രങ്ങളും അവർ തന്നെ കഴുകുന്നതായിരിക്കും നല്ലത്. നിരീക്ഷണത്തിലുള്ള വ്യക്തി ഉപയോഗിച്ച പാത്രം, വസ്ത്രങ്ങൾ, മേശ, കസേര, ബാത്ത്റൂം മുതലായവ ബ്ളീച്ചിംഗ് ലായനി (1 ലിറ്റർ വെള്ളത്തിൽ 3 ടിസ്പൂൺ ബ്ളീച്ചിംഗ് പൗഡർ) ഉപയോഗിച്ച് വൃത്തിയാക്കണം.

വീട്ടിൽ കഴിയുന്നവർ ധാരാളം വെള്ളം കുടിക്കേണ്ടതാണ്. ഫ്രിഡ്ജിൽ വച്ച തണുത്ത വെള്ളവും ഭക്ഷണ പദാർത്ഥങ്ങളും ഒഴിവാക്കേണ്ടതാണ്. ചൂടുള്ളതും പോഷക സമൃദ്ധവുമായ ഭക്ഷണ പദാർത്ഥങ്ങൾ കഴിക്കണം. പറ്റുമെങ്കിൽ പല തവണ ചെറുചൂടുള്ള വെള്ളം ഉപയോഗിച്ച് തൊണ്ട ഗാർഗിൾ ചെയ്യുന്നത് നന്നായിരിക്കും. ഉറക്കം വളരെ പ്രധാനമാണ്. എട്ടു മണിക്കൂറെങ്കിലും ഉറങ്ങുക.

വീട്ടിൽ ഐസോലേഷനിൽ കഴിയുന്നവർ ദിവസവും സ്വയം നിരീക്ഷിക്കേണ്ടതാണ്. സങ്കീർണതകൾ വരികയാണെങ്കിൽ നേരത്തെ കണ്ടുപിടിക്കാനും വിദഗ്ധ ചികിത്സ ലഭ്യമാക്കാനും സ്വയം നിരീക്ഷണം ഏറെ സഹായിക്കും. പൾസ് ഓക്സി മീറ്റർ വീട്ടിൽ കരുതുന്നത് നന്നായിരിക്കും. പൾസ് ഓക്സി മീറ്ററിലൂടെ കാണിക്കുന്ന ഓക്സിജന്റെ അളവ്, നാഡിമിടിപ്പ് എന്നിവയും ഉറക്കവും മറ്റ് രോഗ ലക്ഷണങ്ങളും ദിവസവും ഒരു ബുക്കിൽ കുറിച്ച് വയ്ക്കണം.

രക്തത്തിലെ ഓക്സിജന്റെ അളവ് കുറയുന്നത് കൊണ്ടാണ് കോവിഡ് രോഗിയെ ഗുരുതരാവസ്ഥയിലാക്കുന്നത്. അതിനാൽ പൾസ് ഓക്സീമീറ്റർ കൊണ്ട് ദിവസവും രക്തത്തിലെ ഓക്സിജന്റെ അളവ് നോക്കണം. ഈ പരിശോധനയിലൂടെ ഓക്സിജന്റെ കുറവ് കാരണം ശ്വാസം മുട്ട് വരുന്നതിന് വളരെ മുമ്പ് തന്നെ ഓക്സിജൻ കുറഞ്ഞ് തുടങ്ങിയെന്ന് അറിയാനാകും.

സാധാരണ ഒരാളുടെ ശരീരത്തിലെ ഓക്സിജന്റെ അളവ് 96ന് മുകളിലായിരിക്കും. ഓക്സിജന്റെ അളവ് 94ൽ കുറവായാലും നാഡിമിടിപ്പ് 90ന് മുകളിലായാലും ഉടൻ തന്നെ ആരോഗ്യ പ്രവർത്തകരെ വിവരം അറിയിക്കേണ്ടതാണ്. 6 മിനിറ്റ് നടന്ന ശേഷം രക്തത്തിലെ ഓക്സിജന്റെ അളവ് നേരത്തെയുള്ളതിൽ നിന്ന് 3 ശതമാനമെങ്കിലും കുറവാണെങ്കിലും ശ്രദ്ധിക്കണം. ചെറിയ രോഗലക്ഷണങ്ങളുള്ളവർക്ക് ഇ സഞ്ജീവനി വഴിയും ചികിത്സ തേടാം.

ഹോം ഐസൊലേഷനിൽ കഴിയുന്നെങ്കിലും ആരോഗ്യ പ്രവർത്തകർ ഒരു വിളിക്കപ്പുറം തന്നെയുണ്ട്. ശ്വാസം മുട്ടൽ, നെഞ്ചുവേദന, നെഞ്ചിടിപ്പ്, അമിതമായ ക്ഷീണം, അമിതമായ ഉറക്കം, കഫത്തിൽ രക്തത്തിന്റെ അംശം കാണുക, തീവ്രമായ പനി, ബോധക്ഷയം അല്ലെങ്കിൽ മോഹാലസ്യപ്പെടുക തുടങ്ങിയവ അപായ സൂചകങ്ങളാണ്. തലച്ചോറിൽ ഓക്സിജൻ കാര്യമായി എത്താത്തത് കൊണ്ടുള്ള പ്രശ്നങ്ങളാലാണ് ഇവയിൽ പലതും ഉണ്ടാകുന്നത്. ഈ അപായ സൂചനകളോ മറ്റെന്തെങ്കിലും ബുദ്ധിമുട്ടുകളോ ഉണ്ടായാൽ ബന്ധപ്പെടാറുള്ള ആരോഗ്യ പ്രവർത്തകരേയോ ദിശ 104, 1056 എന്നീ നമ്പരുകളിലോ വിവരമറിയിക്കണം. ഈ സാഹചര്യത്തിൽ ഒട്ടും പരിഭ്രമപ്പെടാതെ ആംബുലൻസ് എത്തുന്നതുവരെ കമിഴ്ന്ന് കിടക്കണം.

ആരോഗ്യ പ്രവർത്തകരും വാർഡുതല ജാഗ്രതാ സമിതികളും ഹോം ഐസൊലേഷനിലുള്ളവരെ സഹായിക്കാൻ എപ്പോഴുമുണ്ട്. അതിനാൽ ആശങ്ക വേണ്ട. എന്നാൽ ജാഗ്രത ഏറെ ആവശ്യമാണെന്ന് ആരോഗ്യമന്ത്രി ഓർമിപ്പിച്ചു.

## കേരളത്തിൽ സെറോ സർവേ നടത്താൻ തീരുമാനം

തിരുവനന്തപുരം: കോവിഡ് ബാധിച്ചതിലൂടെയും വാക്സിനേഷനിലൂടെയും കോവിഡ് പ്രതിരോധശേഷി ആർജിച്ചവരുടെ തോത് കണ്ടത്തൊൻ കേരളത്തിൽ സെറോ സർവേ നടത്താൻ തീരുമാനം. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് പുറത്തിറങ്ങി. ഇതാദ്യമായാണ് സംസ്ഥാനം സ്വന്തം നിലയ്ക്ക് സെറോ സർവേ നടത്തുന്നത്.

തീരദേശം, നഗരം, ഗ്രാമം, ചേരികൾ എന്നിവിടങ്ങൾ തരംതിരിച്ച് പഠനം നടത്തുമെന്നാണ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. ഈ മേഖലകളിലെ അഞ്ച് വയസു മുതൽ 17 വയസു വരെയുള്ള കുട്ടികൾ, 18 വയസിനും അതിനു മുകളിലും പ്രായമുള്ളവർ, 18 വയസിനും അതിനു മുകളിലും പ്രായമുള്ള ആദിവാസി വിഭാഗം, ഗർഭിണികൾ എന്നിവരിലാണ് പഠനം നടത്തുക.

# 100 ദിന കർമ്മ പദ്ധതി: സഹകരണ വകുപ്പിന്റെ പദ്ധതികൾ സജ്ജം

സർക്കാരിന്റെ ആദ്യ നൂറു ദിന കർമ്മപരിപാടിയിലെ പ്രഖ്യാപിച്ച അഞ്ച് പദ്ധതികളും സജ്ജമാക്കി സഹകരണ വകുപ്പ്. പ്രഖ്യാപിച്ച തൊഴിൽ അവസരങ്ങളും സഹകരണ വകുപ്പ് ലഭ്യമാക്കി. കർമ്മപദ്ധതിയുടെ പ്രഖ്യാപിത കാലാവധിയിൽ മൂന്നാഴ്ച ശേഷിക്കെയാണ് പദ്ധതി പൂർത്തീകരണവുമായി സഹകരണ വകുപ്പ് നേട്ടമുണ്ടാക്കുന്നത്. തൃശ്ശൂർ ജില്ലയിൽ പഴയന്നൂരിൽ ഭൂരഹിത ഭവന രഹിതർക്കായി 40 ഫ്ളാറ്റുകളുള്ള ഭവന പദ്ധതി (കെയർ ഹോം) 100 ദിന കർമ്മ പദ്ധതിയുടെ പ്രഖ്യാപനങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു. പദ്ധതി പൂർത്തീകരിച്ചു. സഹകരണ വകുപ്പിന്റെ തനതു ഫണ്ടിൽ നിന്നാണ് പദ്ധതി നടപ്പാക്കിയത്. സെപ്റ്റംബർ മാസം അർഹരായവർക്ക് താക്കോൽ കൈമാറും. നിർധന വിദ്യാർത്ഥികൾക്ക് സ്മാർട്ട് ഫോൺ വാങ്ങുന്നതിന് 10000 രൂപ വരെ പലിശ രഹിത വായ്പ നൽകുന്ന പദ്ധതി. എല്ലാ സഹകരണ സംഘങ്ങളും പദ്ധതി നടപ്പാക്കി. പരമാവധി അഞ്ച് ലക്ഷം രൂപയായിരുന്നു ഓരോ സഹകരണ സംഘങ്ങൾ വായ്പ നൽകണമെന്ന് നിശ്ചയിച്ചിരുന്നത്. നൂറു ശതമാനവും പൂർത്തിയാക്കാനായി.

10 വനിതാ സഹകരണ സംഘങ്ങൾക്ക് കോവിഡ് പ്രതിരോധ സാമഗ്രികളുടെ നിർമ്മാണത്തിന് അഞ്ചു ലക്ഷം രൂപ നൽകി സംരംഭകത്വം തുടങ്ങുമെന്ന പ്രഖ്യാപനവും പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. യുവജന സഹകരണ സംഘങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും നടപ്പിലാകുകയാണ്. 25 യുവ ജനസഹകരണ സംഘങ്ങൾ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി. സെപ്റ്റംബർ ആറിന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. കുട്ടനാട്, അപ്പർ കുട്ടനാട് ആസ്ഥാനമാക്കി നെല്ല് സംഭരണ, സംസ്കരണ വിപണന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് രണ്ട് ആധുനിക റൈസ് മില്ലുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും നടപ്പാകുകയാണ്. അവസാനഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. സെപ്റ്റംബറിൽ നൂറു ദിന കർമ്മ പദ്ധതിയുടെ കാലാവധി അവസാനിക്കുംമുമ്പു പ്രവർത്തനം ആരംഭിക്കും.

ഒഴിവുള്ള 21 തസ്തികളിലേയ്ക്ക് സ്ഥിരം നിയമനം നടത്തുമെന്നും പ്രഖ്യാപിച്ചിരുന്നു. വിവിധ ജില്ലകളിലായി 21 തസ്തികളിൽ സ്ഥിരം നിയമനം നടത്തി. സംരംഭകത്വ മേഖലയിൽ 10,000 തൊഴിലാണ് സഹകരണ വകുപ്പ് പ്രഖ്യാപിച്ചിരുന്നത്. ഇതിൽ 9524 തൊഴിൽ ലഭ്യമാക്കി. ശേഷിക്കുന്നവ മൂന്നാഴ്ചയ്ക്കുള്ളിൽ നൽകാൻ നടപടി പൂർത്തിയാക്കിയതായി സഹകരണ മന്ത്രി വി.എൻ. വാസവൻ പറഞ്ഞു.

# രാജ്യം വിടുന്നവരുടെ പട്ടിക അമേരിക്ക താലിബാന് കൈമാറിയത് ആപത്തായെന്ന് റിപ്പോർട്ട്

കാബൂൾ: കാബൂളിൽ നിന്ന് അമേരിക്കയിലേക്ക് മടങ്ങുന്നവരുടെ പേര് വിവരങ്ങൾ താലിബാന് കൈമാറിയത് ആപത്തായെന്ന് റിപ്പോർട്ട്. അമേരിക്കൻ പൗരന്മാർ, ഗ്രീൻ കാർഡ് കൈവശമുള്ളവർ, യുഎസ് സൈന്യത്തെ സഹായിക്കുന്ന അഫ്ഗാൻ സേനാംഗങ്ങൾ തുടങ്ങിയവർ ഉൾപ്പെട്ടവരുടെ പേരുവിവരങ്ങൾ അടങ്ങിയ ഒരു പട്ടിക താലിബാന് യുഎസ് ഉദ്യോഗസ്ഥർ നേരത്തെ തന്നെ കൈമാറിയിരുന്നു.

അമേരിക്കയിലേക്ക് മടങ്ങുന്നവരുടെ പേര് വിവരങ്ങൾ ഉൾപ്പെടുത്തിയ പട്ടിക തയ്യാറാക്കുന്നതിനായി മൂന്ന് ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. യുഎസ് സേനയെ സഹായിക്കുന്ന അഫ്ഗാൻ പൗരന്മാരെ നേരത്തെ തന്നെ തിരഞ്ഞുപിടിച്ച് താലിബാൻകാർ കൊല്ലുന്നതിനിടെ പട്ടിക കൈമാറിയത്, കൊലപ്പെടുത്തേണ്ടവരുടെ പേര് നൽകുന്നതിന് സമാനമായെന്ന് റിപ്പോർട്ടിൽ പറയുന്നു. വിമാനത്താവളത്തിന് പുറത്ത് താലിബാൻ സുരക്ഷ ഒരുക്കിയിരിക്കുവെന്ന് വിശ്വാസത്തിലാണ് യുഎസ് പ്രസിഡന്റ് ബൈഡനുള്ളതെന്നും റിപ്പോർട്ട് അപലപിച്ചു. താലിബാൻ കാബൂൾ പിടിച്ചടക്കിയതിനുശേഷം ഏകദേശം ഒരു ലക്ഷത്തോളം ആളുകളാണ് രാജ്യംവിട്ടത്. താലിബാന്റെ നിരവധി ചെക്ക്പോയിന്റുകൾ കടന്നാണ് ഇതിൽ ഭൂരിഭാഗം പേരും വിമാനത്താവളത്തിലെത്തിയത്. അതേസമയം ഇത്തരത്തിൽ ഒരു പട്ടികയുണ്ടെന്ന് അറിയില്ലെന്ന് ബൈഡൻ പറയുന്നു. എന്നാൽ യുഎസ് ഉദ്യോഗസ്ഥർ ഈ ലിസ്റ്റ് കൈമാറിയെന്ന വാർത്ത ബൈഡൻ നിഷേധിച്ചിട്ടില്ലെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കി. എന്നാൽ കാബൂളിൽ നിന്ന് തങ്ങളുടെ ഇത്രയും ആളുകൾ അടങ്ങിയ ഒരു വാഹനം യുഎസിലേക്ക് എത്തുന്നുണ്ടെന്നും ആ വാഹനങ്ങൾ കടത്തിവിടണമെന്നുമുള്ള തരത്തിലുള്ള സന്ദേശങ്ങളാണ് തങ്ങൾ താലിബാന് കൈമാറിയതെന്നും യുഎസ് ഔദ്യോഗികവൃത്തങ്ങൾ പറഞ്ഞു.

# ശാസ്ത്ര അധ്യാപകർക്കായുള്ള മെഗാ സമ്മേളനത്തിന്റെ കർട്ടൺ റൈസർ

ന്യൂഡൽഹി: ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ മികച്ച സംഭാവനകൾ നൽകിയതും, ചരിത്രത്തിൽ ഇടം നേടാതെ പോയതുമായ ശാസ്ത്രമേഖലയിലെ പ്രമുഖരെ അനുസ്മരിക്കുന്നതിനായുള്ള ശാസ്ത്ര അധ്യാപകരുടെ കർട്ടൺ റൈസർ പരിപാടിയിൽ രാജ്യത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തലവന്മാർ ഒത്തുചേർന്നു.

സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പുള്ള കാലത്തെ ശാസ്ത്രസമൂഹം നേരിട്ട പ്രശ്നങ്ങൾ, അവർ നടത്തിയ സത്യാഗ്രഹങ്ങൾ എന്നിവ സംബന്ധിച്ച് രാജ്യത്തെ ശാസ്ത്ര അധ്യാപകർ, വിദ്യാർഥികൾ എന്നിവർക്ക് അവബോധം നൽകുന്നത് ലക്ഷ്യമിട്ടാണ് നവംബർ 17,18 തീയതികളിൽ മെഗാ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

രാജ്യത്തെ സ്കൂൾഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിലെ ശാസ്ത്ര അധ്യാപകർക്കായി 2021 ഓഗസ്റ്റ് 25, 26 തീയതികളിൽ ഹൈബ്രിഡ് മാതൃകയിലാണ് കർട്ടൺ റൈസർ പരിപാടികൾ സംഘടിപ്പിച്ചത്.

വിഗ്യാൻപ്രസാർ, ഇടകണനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് കമ്മ്യൂണിക്കേഷൻ & പോളിസി റിസർച്ച് (ചകടരജഞ), വിജ്ഞാന ഭാരതി (ഢകആഒഅ) എന്നിവരുടെ നേതൃത്വത്തിൽ ആയിരുന്നു ഇത്. ആസാദി കാ അമൃത മഹോത്സവ് ആഘോഷങ്ങളുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. പ്രദർശനങ്ങൾ, സമ്മേളനങ്ങൾ, മത്സരങ്ങൾ, വിജ്ഞാന യാത്രകൾ, അവതരണങ്ങൾ എന്നിവ വഴിയായി വിവിധ തലങ്ങളിലുള്ള ആശയവിനിമയ പരിപാടികളാണ് ഒരു വർഷക്കാലം നീളുന്ന ശാസ്ത്ര ആഘോഷങ്ങളിൽ ഉണ്ടാവുക.

ശാസ്ത്ര അധ്യാപകർക്കായുള്ള ദേശീയതല മെഗാ സമ്മേളനം 2021 നവംബർ 17,18 തീയതികളിൽ നടക്കും. സ്കൂൾ വിദ്യാർത്ഥികൾ വഴി ശാസ്ത്രസംബന്ധിയായ അറിവുകൾ സമൂഹത്തിന്റെ താഴെക്കിടയിൽ എത്തിക്കുക എന്നത് ലക്ഷ്യമിട്ടാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

# 100 ദിന കർമ്മ പദ്ധതി: സഹകരണ വകുപ്പിന്റെ പദ്ധതികൾ സജ്ജം

സർക്കാരിന്റെ ആദ്യ നൂറു ദിന കർമ്മപരിപാടിയിലെ പ്രഖ്യാപിച്ച അഞ്ച് പദ്ധതികളും സജ്ജമാക്കി സഹകരണ വകുപ്പ്. പ്രഖ്യാപിച്ച തൊഴിൽ അവസരങ്ങളും സഹകരണ വകുപ്പ് ലഭ്യമാക്കി. കർമ്മപദ്ധതിയുടെ പ്രഖ്യാപിത കാലാവധിയിൽ മൂന്നാഴ്ച ശേഷിക്കെയാണ് പദ്ധതി പൂർത്തീകരണവുമായി സഹകരണ വകുപ്പ് നേട്ടമുണ്ടാക്കുന്നത്. തൃശ്ശൂർ ജില്ലയിൽ പഴയന്നൂരിൽ ഭൂരഹിത ഭവന രഹിതർക്കായി 40 ഫ്ളാറ്റുകളുള്ള ഭവന പദ്ധതി (കെയർ ഹോം) 100 ദിന കർമ്മ പദ്ധതിയുടെ പ്രഖ്യാപനങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു. പദ്ധതി പൂർത്തീകരിച്ചു. സഹകരണ വകുപ്പിന്റെ തനതു ഫണ്ടിൽ നിന്നാണ് പദ്ധതി നടപ്പാക്കിയത്. സെപ്റ്റംബർ മാസം അർഹരായവർക്ക് താക്കോൽ കൈമാറും. നിർധന വിദ്യാർത്ഥികൾക്ക് സ്മാർട്ട് ഫോൺ വാങ്ങുന്നതിന് 10000 രൂപ വരെ പലിശ രഹിത വായ്പ നൽകുന്ന പദ്ധതി. എല്ലാ സഹകരണ സംഘങ്ങളും പദ്ധതി നടപ്പാക്കി. പരമാവധി അഞ്ച് ലക്ഷം രൂപയായിരുന്നു ഓരോ സഹകരണ സംഘങ്ങൾ വായ്പ നൽകണമെന്ന് നിശ്ചയിച്ചിരുന്നത്. നൂറു ശതമാനവും പൂർത്തിയാക്കാനായി.

10 വനിതാ സഹകരണ സംഘങ്ങൾക്ക് കോവിഡ് പ്രതിരോധ സാമഗ്രികളുടെ നിർമ്മാണത്തിന് അഞ്ചു ലക്ഷം രൂപ നൽകി സംരംഭകത്വം തുടങ്ങുമെന്ന പ്രഖ്യാപനവും പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. യുവജന സഹകരണ സംഘങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും നടപ്പിലാകുകയാണ്. 25 യുവ ജനസഹകരണ സംഘങ്ങൾ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി. സെപ്റ്റംബർ ആറിന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. കുട്ടനാട്, അപ്പർ കുട്ടനാട് ആസ്ഥാനമാക്കി നെല്ല് സംഭരണ, സംസ്കരണ വിപണന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് രണ്ട് ആധുനിക റൈസ് മില്ലുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും നടപ്പാകുകയാണ്. അവസാനഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. സെപ്റ്റംബറിൽ നൂറു ദിന കർമ്മ പദ്ധതിയുടെ കാലാവധി അവസാനിക്കുംമുമ്പു പ്രവർത്തനം ആരംഭിക്കും.

ഒഴിവുള്ള 21 തസ്തികളിലേയ്ക്ക് സ്ഥിരം നിയമനം നടത്തുമെന്നും പ്രഖ്യാപിച്ചിരുന്നു. വിവിധ ജില്ലകളിലായി 21 തസ്തികളിൽ സ്ഥിരം നിയമനം നടത്തി. സംരംഭകത്വ മേഖലയിൽ 10,000 തൊഴിലാണ് സഹകരണ വകുപ്പ് പ്രഖ്യാപിച്ചിരുന്നത്. ഇതിൽ 9524 തൊഴിൽ ലഭ്യമാക്കി. ശേഷിക്കുന്നവ മൂന്നാഴ്ചയ്ക്കുള്ളിൽ നൽകാൻ നടപടി പൂർത്തിയാക്കിയതായി സഹകരണ മന്ത്രി വി.എൻ. വാസവൻ പറഞ്ഞു.

# അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ: പേര് രജിസ്റ്റർ ചെയ്യാം

തിരുവനന്തപുരം ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിൽ ഓപ്പൺ മുൻഗണനാ വിഭാഗം, ഓപ്പൺ വിഭാഗം, ഈഴവ മുൻഗണനാ വിഭാഗം, എസ്. സി മുൻഗണനാ വിഭാഗം, മുസ്ലിം മുൻഗണനാ വിഭാഗം എന്നിവയിൽ ഏഴ് അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ തസ്തികകൾ നിലവിലുണ്ട്. അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബി.എ, ബി.എസ്സി, ബികോം ബിരുദവും സർക്കാരിന്റെയോ സ്വകാര്യ സ്ഥാപനത്തിന്റെയോ പ്രചാരണ വിഭാഗത്തിലോ ദിനപത്രം, ന്യൂസ് ഏജൻസി എന്നിവയുടെ എഡിറ്റോറിയൽ വിഭാഗത്തിലോ രണ്ടു വർഷത്തെ പ്രവൃത്തി പരിചയം ആണ് യോഗ്യത. 2021 ജനുവരി ഒന്നിന് 18നും 41നുമിടയിലായിരിക്കണം പ്രായം (നിയമാനുസൃത വയസിളവ് ബാധകം). പ്രതിദിനം 1005 രൂപയാണ് വേതനം. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സെപ്റ്റംബർ മൂന്നിനകം നേരിട്ടെത്തി പേര് രജിസ്റ്റർ ചെയ്യണം.

# അഫ്ഗാനിൽ ബാങ്കുകൾ തുറന്നു; പണം പിൻവലിക്കാൻ വൻ തിരക്ക്

കാബൂൾ: ഒരാഴ്ചയ്ക്കു ശേഷം അഫ്ഗാനിസ്ഥാനിൽ ബാങ്കുകൾ തുറന്നതോടെ പണം പിൻവലിക്കുന്നതിനായി വൻ തിരക്ക് അനുഭവപ്പെട്ടു. കാബൂളിൻറെ നിയന്ത്രണം താലിബാൻ ഏറ്റെടുക്കുകയും പ്രസിഡൻറ് അഷ്‌റഫ് ഗനി രാജ്യം വിടുകയും ചെയ്തതിനെത്തുടർന്ന് ഓഗസ്റ്റ് 15 മുതൽ രാജ്യത്തെ ധനകാര്യസ്ഥാപനങ്ങൾ അടഞ്ഞുകിടക്കുകയായിരുന്നു.

രാജ്യത്ത് കൊലപാതകവും കൊള്ളിവയ്പുമുണ്ടാകുമെന്ന ഭയത്തെത്തുടർന്നാണ് ധനകാര്യ സ്ഥാപനങ്ങൾ അടച്ചിട്ടത്.

അഫ്ഗാൻ കേന്ദ്ര ബാങ്കിൻറെ യുഎസ് ഫെഡറൽ റിസേർവിലെ നിക്ഷേപം പിൻവലിക്കുന്നതിന് താലിബാനെ അനുവദിക്കില്ലെന്ന് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. അന്താരാഷ്ട്ര നാണയനിധിയുടെ 4.6 കോടി ഡോളർ സഹായവും തടഞ്ഞിരിക്കുകയാണ്. താലിബാൻ രാജ്യത്തിൻറെ നിയന്ത്രണം ഏറ്റെടുത്തതോടെ, എടിഎമ്മുകളിൽനിന്നു പണം പിൻവലിക്കാൻ വൻ ജനത്തിരക്കാണുണ്ടായത്.

ഇന്നലെ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും തുറക്കുമെന്ന് അറിഞ്ഞതോടെ, രാവിലെ മുതൽ സ്ഥാപനങ്ങൾക്കു മുന്നിൽ വൻ നിര പ്രത്യക്ഷപ്പെട്ടു. പുതിയ ഭരണ സംവിധാനത്തെക്കുറിച്ച് ധാരണയാകാത്തതിനാൽ നിക്ഷേപങ്ങൾ പിൻവലിക്കാനുള്ള തിരക്കിലാണു ജനങ്ങൾ.

# അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ: പേര് രജിസ്റ്റർ ചെയ്യാം

തിരുവനന്തപുരം ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിൽ ഓപ്പൺ മുൻഗണനാ വിഭാഗം, ഓപ്പൺ വിഭാഗം, ഈഴവ മുൻഗണനാ വിഭാഗം, എസ്. സി മുൻഗണനാ വിഭാഗം, മുസ്‌ലിം മുൻഗണനാ വിഭാഗം എന്നിവയിൽ ഏഴ് അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ തസ്തികകൾ നിലവിലുണ്ട്.

അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബി.എ, ബി.എസ്‌സി, ബികോം ബിരുദവും സർക്കാരിന്റെയോ സ്വകാര്യ സ്ഥാപനത്തിന്റെയോ പ്രചാരണ വിഭാഗത്തിലോ ദിനപത്രം, ന്യൂസ് ഏജൻസി എന്നിവയുടെ എഡിറ്റോറിയൽ വിഭാഗത്തിലോ രണ്ടു വർഷത്തെ പ്രവൃത്തി പരിചയം ആണ് യോഗ്യത. 2021 ജനുവരി ഒന്നിന് 18നും 41നുമിടയിലായിരിക്കണം പ്രായം (നിയമാനുസൃത വയസിളവ് ബാധകം). പ്രതിദിനം 1005 രൂപയാണ് വേതനം. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സെപ്റ്റംബർ മൂന്നിനകം നേരിട്ടെത്തി പേര് രജിസ്റ്റർ ചെയ്യണം.

# ഇന്ത്യയും യു.എസും സമുദ്ര സുരക്ഷാ ചട്ടക്കൂട് മെച്ചപ്പെടുത്താൻ ശ്രമിക്കണം: വിദഗ്ദർ

കൊച്ചി: ചൈനീസ് ശക്തി വർധിക്കുന്ന സാഹചര്യത്തിൽ സാമ്പത്തികമായ പരിമിതികൾ മറികടന്ന് ഇന്ത്യ, മേഖലയിലെ നാവിക സാന്നിദ്ധ്യംവർധിപ്പിക്കേണ്ടതുണ്ടെന്ന് ന്യൂഡൽഹി ഒബ്സർവർ റിസർച്ച് ഫൗണ്ടേഷനിലെ സെന്റർ ഫോർ സെക്യൂരിറ്റി, സ്ട്രാറ്റജി ആൻഡ് ടെക്നോളജി(സി.എസ്.എസ്.ടി.) ഡയറക്ടർ രാജേശ്വരി പിള്ളൈ രാജഗോപാലൻ. സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച് (സി.പി.പി.ആർ.) കൊച്ചി, യു.എസ്. കോൺസുലേറ്റ് ജനറൽ ചെന്നൈയുടെ സഹകരണത്തോടെ ഇന്തോപെസഫിക് നയം: സമുദ്ര കാഴ്ചപ്പാട് പുനർചിന്തനം ചെയ്യുമ്പോൾഎന്ന വിഷത്തിൽ സംഘടിപ്പിച്ച വെബിനാറിൽ സംസാരിക്കുകയായിരുന്നു അവർ.

തങ്ങളുടെ തന്ത്രപരമായ താത്പര്യങ്ങൾ മുമ്പെങ്ങുമില്ലാത്ത വിധത്തിൽ ഒത്തുചേരുന്ന സാഹചര്യത്തിൽ ഇന്ത്യയും യു.എസും ഇന്തോ പസഫിക്‌മേഖലയിലെ സമുദ്ര സുരക്ഷാ ചട്ടക്കൂട് മെച്ചപ്പെടുത്താൻ ശ്രമിക്കണമെന്ന് വെബിനാറിൽ ആവശ്യമുയർന്നു.

മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിൽ ഇരു രാജ്യങ്ങൾക്കും ഒരേ കാഴ്ചപ്പാടാണുള്ളതെന്ന് ആരംഭ പ്രസംഗത്തിൽ യു.എസ് കോൺസുലേറ്റ്ജനറലിലെ പബ്ലിക് അഫയർസ് ഓഫീസർ ആനി ലി ശേഷാദ്രി അഭിപ്രായപ്പെട്ടു.

ലോകത്തിലെ അപൂർവമായ ബന്ധങ്ങളിലൊന്നാണ് ഇരുരാജ്യങ്ങളും തമ്മിലുള്ളതെന്നും അവർ ചൂണ്ടികാട്ടി.

ഇന്ത്യയു.എസ്. സഹകരണം; നേരിട്ടുള്ള സുരക്ഷാ സഹകരണം, നയതന്ത്ര, മാനദണ്ഡ ശ്രമങ്ങൾ, സമുദ്ര ശേഷി വർദ്ധിപ്പിക്കൽ എന്നീവിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് സി.എസ്.എസ്.ടി.യിലെ ഏഷ്യ മാരിടൈം ട്രാൻസ്പറൻസി ഇനിഷിയേറ്റീവ് ഡയറക്ടർ ഗ്രിഗറി ബി. പോളിങ് സംസാരിച്ചത്. തെക്കൻ ചൈന കടലിൽ ചൈനയുടെ അവകാശവാദങ്ങൾ അംഗീകരിക്കുന്നത് ഇന്ത്യയുടെ തന്ത്രപരമായതാത്പര്യങ്ങൾക്കൊപ്പം മേഖലയിലെ സമുദ്ര നിയമവും ക്രമസമാധാനവും തകർക്കുമെന്നും അദ്ദേഹം വിശദീകരിച്ചു. മണിപാൽ സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ജിയോപൊളിറ്റിക്സ് ആൻഡ് ഇൻറർനാഷണൽ റിലേഷൻസിലെ പ്രൊഫസറും എഴുത്തുകാരനുംഗവേഷകനുമായ ഡോ. ലോറൻസ് പ്രഭാകർ വില്യംസ് ചർച്ചകൾ നിയന്ത്രിച്ചു. സദസ്സിൽനിന്നുള്ള ചോദ്യങ്ങൾക്കും പ്രഭാഷകർ ഉത്തരം നൽകി.

അന്വേഷണങ്ങൾക്ക്. ശ്രീഅരവിന്ദ് എസ്., അസോസിയേറ്റ്, പി.ആർ ആൻഡ് കമ്മ്യൂണിക്കേഷൻസ്, സി.പി.പി.ആർ. ഫോൺ 8075846061

# ശക്തമായി തിരിച്ചടിക്കും: ബൈഡൻ

ന്യൂയോർക്ക്: കാബൂളിലെ ചാവേർ സ്ഫോടനത്തിന് കാരണക്കാരായവർക്കെതിരെ ശക്തമായ തിരിച്ചടി നൽകുമെന്ന് യുഎസ് പ്രസിഡന്റ് ജോ ബൈഡൻ. മാധ്യമങ്ങൾക്ക് മുമ്പിൽ വികാരാധീനനായാണ് ബൈഡൻ ഭീകരാക്രമണത്തെ അപലപിച്ചത്.

കാബൂളിലെ ആക്രമണത്തിന് കാരണക്കാരായവരോടും അമേരിക്കയെ വേദനിപ്പിക്കാനാഗ്രഹിക്കുന്നവരോടും ക്ഷമിക്കില്ലെന്നും ആക്രമണത്തിന് വലിയ വിലകൊടുക്കേണ്ടി വരുമെന്നും ബൈഡൻ മുന്നറിയിപ്പ് നൽകി. വൈറ്റ് ഹൗസിൽവച്ച്, കാബൂളിൽ മരിച്ചുവീണ സൈനികർക്ക് ആദരാഞ്ജലി അർപ്പിക്കുന്നതിനിടെയാണ് ബൈഡൻ പ്രതിജ്ഞയെടുത്തത്.

ഓഗസ്റ്റ് 31 ന് മുമ്പ് യുഎസ് സേനയെ പിൻവലിക്കുമെന്നും ഒഴിപ്പിക്കൽ നടപടി തുടരുമെന്നും ബൈഡൻ പറഞ്ഞു.

അതിനിടെ മാധ്യമ അഭിസംബോധനയ്ക്കിടയിൽ ബൈഡൻ തലകുനിച്ച് നിൽക്കുന്ന ചിത്രത്തെ ചിലർ അഭിനന്ദിച്ചു. എന്നാൽ മുൻ പ്രസിഡന്റ് ട്രംപിന്റെ മകൻ ഉൾപ്പെടെയുള്ളവർ അത് ബൈഡന്റെ ദൗർബല്യത്തിന്റെ അടയാളമാണിതെന്ന് ആരോപിച്ച് രംഗത്തെത്തി.

# വാഹന കൈമാറ്റത്തിന് ബാങ്ക് എൻ.ഒ.സി: വാഹൻ സൈറ്റുമായി ബന്ധിപ്പിക്കുമെന്ന് മന്ത്രി

വാഹന കൈമാറ്റത്തിന് ഇനി ബാങ്കുകളിൽ എൻ.ഒ.സിക്ക് വേണ്ടി അലയേണ്ടതില്ലെന്ന് ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു അറിയിച്ചു. ഇതിനായി ബാങ്കുകളെ ഗതാഗത വകുപ്പിന്റെ 'വാഹൻ' വെബ്സൈറ്റുമായി ബന്ധിപ്പിക്കും.

വാഹനത്തിന്റെ ബാങ്ക് വായ്പ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലഭിക്കും. വാഹനങ്ങൾ വാങ്ങുമ്പോഴും വിൽക്കുമ്പോഴും ബാങ്കിൽ നിന്ന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും അത് ആർ.ടി ഓഫീസിൽ സമർപ്പിക്കാനും അപ്‌ലോഡ് ചെയ്യുന്നതിന് ഓൺലൈൻ സേവനദാതാക്കളെ സമീപിക്കേണ്ടിവരുന്നതും വാഹന ഉടമകൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി പരാതി ഉയർന്നിരുന്നു. അത് കണക്കിലെടുത്താണ് പുതിയ തീരുമാനമെന്ന് മന്ത്രി പറഞ്ഞു. വാഹനത്തെ സംബന്ധിച്ച് ബാങ്ക് ഹൈപ്പോതിക്കേഷൻ വിവരങ്ങളെല്ലാം 'വാഹൻ' സൈറ്റിൽ ലഭ്യമാകും. പുതിയ വാഹനങ്ങൾ വാങ്ങുമ്പോഴും ബാങ്ക് ലോണിന്റെ വിവരങ്ങൾ 'വാഹൻ' സൈറ്റിൽ നൽകും.

സംസ്ഥാന മോട്ടോർ വാഹന വകുപ്പ്, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, സംസ്ഥാന ബാങ്കേഴ്സ് സമിതി എന്നിവരുമായി നടത്തിയ ചർച്ചയിലാണ് പുതിയ തീരുമാനം. ഒരു മാസത്തിനുള്ളിൽ വാഹനങ്ങളുടെ വായ്പ വിവരങ്ങൾ 'വാഹൻ' വെബ്സൈറ്റിൽ ലഭ്യമാക്കാനുള്ള നടപടികൾ പൂർത്തിയാക്കണമെന്ന് നിർദേശം നൽകിയതായി മന്ത്രി പറഞ്ഞു.

# പാകിസ്ഥാൻ രണ്ടാം വീടെന്ന് താലിബാൻ

കാബൂൾ: പാകിസ്ഥാൻ രണ്ടാമത്തെ വീടുപോലെയെന്ന് താലിബാൻ. അഫ്ഗാനിസ്ഥാനിലെ താലിബാൻ വക്താവ് സബീഹുള്ള മുജാഹിദാണ് പാകിസ്ഥാനെ രണ്ടാം വീടെന്ന് വിശേഷിപ്പിച്ച് രംഗത്തെത്തിയത്. പാകിസ്ഥാനെതിരെ യാതൊരുവിധത്തിലുള്ള പ്രവർത്തനങ്ങളും അഫ്ഗാൻ മണ്ണിൽ നടത്താൻ അനുവദിക്കില്ലെന്നും സബീഹുള്ള പ്രസ്താവിച്ചു. അഫ്ഗാനുമായി അതിർത്തി പങ്കിടുന്ന പാക്കിസ്ഥാനുമായി പാരമ്പരാഗതമായി തങ്ങൾ സൗഹൃദത്തിലാണ് കഴിയുന്നത്. ഇരു രാജ്യങ്ങളിലെ ജനങ്ങളും മതപരമായി യോജിച്ചു പോകുന്നവരാണ്. പാക്കിസ്ഥാനുമായുള്ള ബന്ധം കൂടുതൽ ബലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

അഫ്ഗാനിസ്ഥാനിൽ അധികാരം പിടിച്ചടക്കി ഏകദേശം 12 ദിവസങ്ങളായി. ഇന്ന് ഇവിടത്തെ ഏകദേശം എല്ലാ പ്രദേശങ്ങളും തങ്ങളുടെ അധികാരപരിധിയിലാണെന്നും സബീഹുള്ള കൂട്ടിച്ചേർത്തു. അഫ്ഗാൻ ജനതയുടെ താൽപര്യം അനുസരിച്ച് ഇന്ത്യ അവരുടെ നയം വ്യക്തമാക്കുമെന്നാണ് വിചാരിക്കുന്നത്. കശ്മീ!ർ വിഷയത്തിൽ ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ വേഗത്തിൽ ച!ർച്ച നടത്തണമെന്നും തീരുമാനമെടുക്കണെന്നും സബീഹുള്ള ആവശ്യപ്പെട്ടു.

ഇസ്ലാമിനെ അടിസ്ഥാനമാക്കി എല്ലാ അഫ്ഗാനികളേയും ഉൾക്കൊള്ളുന്ന ഭരണകൂടം രൂപീകരിക്കും. അതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുകയാണെന്നും അതുവരെ കാത്തിരിക്കണമെന്നും സബീഹുള്ള പറഞ്ഞു.

# ആർട്ടിക് സമുദ്രത്തിലെ മഞ്ഞുപാളികളെ കുറിച്ച് പ്രവചിക്കാൻ പുതിയ സംവിധാനം



ലണ്ടൻ: ആർട്ടിക് സമുദ്രത്തിലെ മഞ്ഞുപാളികളുടെ അവസ്ഥ മാസങ്ങൾക്കു മുൻപ് പ്രവചിക്കുന്നതിനുള്ള നിർമിത ബുദ്ധി ശാസ്ത്രജ്ഞന്മാർ വികസിപ്പിച്ചു. പുതിയ സംവിധാനമുപയോഗിച്ച് ആർട്ടിക് കാട്ടുതീ സംബന്ധിച്ചും കടലിൻറെ അവസ്ഥ സംബന്ധിച്ചും തീരദേശ നിവാസികൾക്കു മുന്നറിയിപ്പ് നൽകാൻ സാധിക്കും.

ബ്രിട്ടീഷ് അൻറാർട്ടിക് സർവേ (ബാസ്)യും ദ അലൻ ടേണിംഗ് ഇൻസ്റ്റിറ്റ്യൂട്ട് യുകെയും സംയുക്തമായാണ് പുതിയ സംവിധാനം വികസിപ്പിച്ചിരിക്കുന്നത്. ഭൂമിയുടെ ദക്ഷിണ, ഉത്തരധ്രുവങ്ങളിലാണു സമുദ്രത്തിൽ മഞ്ഞുപാളികൾ കാണപ്പെടുന്നത്. സമുദ്രജലം തണുത്തുറഞ്ഞാണു മഞ്ഞുപാളികൾ രൂപപ്പെടുന്നത്. അന്തരീക്ഷവും സമുദ്രജലവും തമ്മിൽ മഞ്ഞുപാളികൾ സന്പർക്കം പുലർത്തുന്നതിനാൽ, ഇവയുടെ സ്വഭാവം (അവസ്ഥ) പ്രവചിക്കുന്നത് ദുഷ്കരമായിരുന്നു. ഈ പ്രതിസന്ധിയാണു പുതിയ നിർമിത ബുദ്ധി സംവിധാനത്തിലൂടെ മറികടന്നിരിക്കുന്നത്. അന്തരീക്ഷ ഊഷ്മാവ് കൂടുന്നതുകൊണ്ട് ആർട്ടിക് മഞ്ഞുപാളികളുടെ വിസ്തീർണം നാലു പതിറ്റാണ്ടുകൊണ്ട് പകുതിയായി കുറഞ്ഞിട്ടുണ്ട്.

# നഗ്ന ദൃശ്യങ്ങൾ കൈയിലുണ്ടെന്ന് ഭീഷണിപ്പെടുത്തി പണം തട്ടാൻ ശ്രമിച്ച രണ്ടുപേർ പിടിയിൽ

പാലക്കാട്; യുവതിയുടെ നഗ്ന ദൃശ്യങ്ങൾ കൈവശമുണ്ടെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി പണം തട്ടാൻ ശ്രമിച്ച രണ്ടു പേർ പിടിയിൽ. പാലക്കാട് മരയമംഗലം മഠത്തിൽ വീട്ടിൽ പ്രബിൻ (25), വെങ്ങോല മേപ്പറത്തുപടി കണ്ണാടിപ്പടി വീട്ടിൽ സുധർമ്മൻ ( 31) എന്നിവരെയാണ് ജില്ലാ പോലിസ് മേധാവി കെ. കാർത്തിക്കിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം പിടികൂടിയത്.

ആലുവ സ്വദേശിയാണ് യുവതി. ഇവരിൽ നിന്ന് പത്ത് ലക്ഷം രൂപയാണ് പ്രതികൾ ആവശ്യപ്പെട്ടത്. മുപ്പതിനായിരം രൂപ മുൻകൂർ വേണമെന്ന് പറഞ്ഞു. തുടർന്ന് യുവതി ജില്ലാപോലിസ് മേധാവിക്ക് പരാതി നൽകി. പോലീസിന്റെ നിർദേശപ്രകാരം പണവുമായി യുവതി നെടുമ്പാശേരിക്ക് സമീപമെത്തി. പണം വാങ്ങാൻ സ്കൂട്ടറിലെത്തിയ പ്രതികളെ പ്രത്യേക പോലീസ് സംഘം വളഞ്ഞിട്ട് പിടികൂടുകയായിരുന്നു.

സോഷ്യൽ മീഡിയാ വഴിയാണ് യുവതിയുടെ ഫോൺ നമ്പർ ഇവർക്ക് ലഭിച്ചത്. ഇൻസ്പെക്ടർ സി.എൽ സുധീർ, എസ്.ഐ.മാരായ കെ.എ ടോമി, എൻ.കെ. അബ്ദുൾ ഹമീദ്, എസ്.സി.പി.ഒ മുഹമ്മദ് അഷറഫ്, കെ.എം ഷിഹാബ്, മാഹിൻ ഷാ അബുബക്കർ എന്നിവരാണ് പ്രത്യേക ടീമിൽ ഉണ്ടായിരുന്നത്.

# കുട്ടികൾക്കുള്ള വാക്സിൻ ഒക്ടോബർ ആദ്യത്തിൽ

ന്യൂഡൽഹി: സൈഡസ് കാഡിലയുടെ സൂചിരഹിത കോവിഡ് വാക്സിനായ സൈകോവ് ഡി ഒക്ടോബർ ആദ്യവാരത്തോടെ ലഭ്യമായേക്കുമെന്ന് സൂചന. 12 വയസിന് മുകളിലുള്ള എല്ലാവർക്കും നൽകാവുന്ന വാക്സിനാണ് സൈകോവ് ഡി. കുട്ടികൾക്കുള്ള ആദ്യ വാക്സിൻ കൂടിയാണ് ഇത്.

അതേസമയം വാക്സിൻ നൽകുന്നതി

ന്റെ മുൻഗണനക്രമം കേന്ദ്രം ഇതുവരെ തീരുമാനിച്ചിട്ടില്ല. എല്ലാ കുട്ടികൾക്കുമാണോ അതോ മറ്റ് അസുഖങ്ങളുള്ളവർക്കാണോ മുൻഗണന നൽകുകയെന്ന കാര്യം വ്യക്തമല്ല.

സൈകോവ് ഡിയുടെ അടിയന്തര ഉപയോഗത്തിന് ഡ്രഗ് കൺട്രോൾ ഓഫ് അതോറിറ്റി അനുമതി നൽകിയിരുന്നു. വാക്സിന് അനുമതി നൽകാൻ വിദഗ്ധ സമിതി ശുപാർശ നൽകിയതിന് പിന്നാലെയായിരുന്നു നടപടി.

സൈകോവ് ഡി വാക്സിന് മൂന്നു ഡോസുകളാണുള്ളത്. ലോകത്തിലെ ആദ്യ ഡിഎൻഎ അടിസ്ഥാനമായ വാക്സിനാണ് സൈകോവ് ഡി എന്നാണ് ബയോടെക്നോളജി വിഭാഗം അവകാശപ്പെട്ടിരിക്കുന്നത്. സൈകോവ് ഡി അമ്പതിലധികം കേന്ദ്രങ്ങളിലായി 28,000 ആളുകളിൽ മൂന്നാംഘട്ട ക്ലിനിക്കൽ പരീക്ഷണം നടത്തിയിരുന്നു. രാജ്യത്തെ ഏറ്റവും വലിയ ക്ലിനിക്കൽ പരീക്ഷണമാണ് ഇതെന്നും ശാസ്ത്ര സാങ്കേതിക മന്ത്രാലയം വ്യക്തമാക്കിയിരുന്നു.

# ചാവേർ ആക്രമണം : ചോദ്യംചെയ്യൽ തുടരുകയാണെന്നു താലിബാൻ വക്താവ്

കാബൂൾ: പതിനഞ്ച് യുഎസ് സൈനികരുൾപ്പെടെ നൂറിലേറെപ്പേരുടെ മരണത്തിനിടയാക്കിയ കാബൂളിലെ ചാവേർ ആക്രമണവുമായി ബന്ധമുണ്ടെന്ന് സംശയിക്കുന്ന നിരവധി പേരെ ചോദ്യംചെയ്തതായി താലിബാൻ വക്താവ് സബിഹുള്ള മുജാഹിദ്. അന്വേഷണത്തിൻറെ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താനാവില്ലെന്നും സബിഹുള്ള മുജാഹിദ് പറഞ്ഞു.

അതേസമയം, ചാവേറാക്രമണം നടത്തിയ ഐഎസ് ഭീകരർക്കു താലിബാൻ നേതൃത്വവുമായി ബന്ധമുണ്ടെന്ന് അഫ്ഗാനിസ്ഥാൻറെ കാവൽ പ്രധാനമന്ത്രിയെന്നു സ്വയം പ്രഖ്യാപിച്ച അമറുള്ളസലേ പറഞ്ഞു. ബലൂചിസ്ഥാനിലെ ക്വറ്റയിൽ താലിബാൻ സ്ഥാപിച്ച ക്വറ്റ ഷൂറ എന്ന ഭീകര സംഘടനയെ പാക്കിസ്ഥാൻ തള്ളിപ്പറയുന്നതിനു സമാനമാണ് കാബൂൾ സ്ഫോടനത്തിൽ ഐഎസിനെ താലിബാൻ തള്ളിപ്പറയുന്നതെന്നും സലേ കുറ്റപ്പെടുത്തി.

സ്ഫോടനത്തിൻറെ ഉത്തരവാദിത്വം ഏറ്റെടുത്ത ഐഎസ്കെ എന്ന ഭീകര വിഭാഗത്തിന് താലിബാനിലും ഹഖാനി ശൃംഖലയിലും ആഴത്തിൽ വേരുകളുണ്ട്. താലിബാനെ നിയന്ത്രിക്കുന്ന പാക്കിസ്ഥാനിൽ നിന്ന് അവർ ഏറെക്കാര്യങ്ങൾ പഠിക്കുന്നുണ്ടെന്നും സലേ ട്വിറ്ററിൽ പറഞ്ഞു

# യുപിയിൽ നഗരങ്ങളുടെ പേര് മാറ്റൽ തുടരുന്നു

ലഖ്നൗ: ഉത്തർപ്രദേശിൽ നഗരങ്ങളുടെ പേര് മാറ്റൽ തുടരുന്നു. യുപി ജില്ലയായ സുൽത്താൻപൂരിന്റെ പേരു മാറ്റി 'കുഷ് ഭവൻപൂർ' എന്നാക്കി മാറ്റാനുള്ള തയ്യാറെടുപ്പിലാണ് ആദിത്യനാഥ് സർക്കാർ. കാബിനറ്റ് അംഗീകരിക്കുന്നതോടെ ജില്ലയുടെ പേര് ഔദ്യോഗികമായി അംഗീകരിക്കപ്പെടും.

ഐതിഹ്യമനുസരിച്ച് ശ്രീരാമന്റെ മകന്റെ പേരാണ് കുഷ്. സുൽത്താനപൂരിലെ ലംഭുവ മണ്ഡലത്തിൽ നിന്നുള്ള ബിജെപി എംഎൽഎ ദേവ്മണി ദ്വിവേദിയാണ് പേരുമാറ്റം നിയമസഭയിൽ അവതരിപ്പിച്ചത്. സുൽത്താൻപൂർ ലോക്സഭാ മണ്ഡലത്തിൽ നിന്നുള്ള പ്രതിനിധിയായിരുന്നു മുൻ കേന്ദ്രമന്ത്രിയായ മനേക ഗാന്ധി.

സുൽത്താൻപൂരിന്റെ പേര് മാറ്റം നടപ്പിലാകുന്നതോടെ, യുപിയിൽ ആദിത്യനാഥ് സർക്കാരിന്റെ കീഴിൽ പേരുമാറി എത്തുന്ന മൂന്നാമത്തെ സ്ഥലമായിരിക്കും കുഷ് ഭവൻപൂർ. നേരത്തെ ഫൈസാബാദിന്റെ പേര് മാറ്റി അയോധ്യയെന്നും, അലഹബാദ് പ്രയാഗ് രാജെന്നും പേരുമാറ്റിയിരുന്നു.

അലിഗഢ് ജില്ലയുടെ പേര് മാറ്റി ഹരിഗഢ് എന്നാക്കാനും നീക്കമുണ്ട്. അതു പോലെ മെയിൻപുരി ജില്ല മായൻ നഗറാക്കാനും ശ്രമമുണ്ട്. ഇരു ജില്ലകളുടെയും പേരുമാറ്റം നിർദ്ദേശിച്ച് അലിഗഡ്, മെയിൻപുരി ജില്ലാ പഞ്ചായത്ത് പ്രമേയം പാസാക്കിയിട്ടുണ്ട്.

# വിദ്യാർഥിനിയെ കൂട്ടബലാത്സംഗം ചെയ്തത് സുഹൃത്തുക്കൾ

ഭോപ്പാൽ: മധ്യപ്രദേശിലെ ഇന്ദോറിൽ പ്ലസ്ടു വിദ്യാർഥിനിയെ മയക്കുമരുന്ന് നൽകി കൂട്ടബലാത്സംഗത്തിനിരയാക്കിയെന്ന് പരാതി. ഇന്ദോർ സ്വദേശിയായ 18 വയസ്സുകാരിയാണ് ബലാത്സംഗത്തിനിരയായത്. സംഭവത്തിൽ വിദ്യാർഥിനിയുടെ നാല് സുഹൃത്തുക്കൾക്കെതിരേ കേസെടുത്തിട്ടുണ്ടെന്നും ഇവരിലൊരാൾ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയാണെന്നും പോലീസ് പറഞ്ഞു.

സുഹൃത്തുക്കൾക്കൊപ്പം മാണ്ഡവിലേക്ക് വിനോദയാത്ര പോയതായിരുന്നു പെൺകുട്ടി. ഇവിടെവെച്ച് സംഘത്തിലൊരാൾ മയക്കുമരുന്ന് കലർത്തിയ ശീതളപാനീയം കുടിക്കാൻ നൽകി. ബോധരഹിതയായ പെൺകുട്ടിയെ പിന്നീട് ആളൊഴിഞ്ഞ കെട്ടിടത്തിലേക്ക് കൊണ്ടുപോവുകയും ഇവിടെവെച്ച് സംഘത്തിലെ മൂന്ന് യുവാക്കൾ ബലാത്സംഗം ചെയ്യുകയുമായിരുന്നു. മണിക്കൂറുകൾക്ക് ശേഷം ബോധം വീണ്ടെടുത്തതോടെ പെൺകുട്ടി ഇവിടെനിന്ന് രക്ഷപ്പെട്ടു. ഒരു വഴിയാത്രക്കാരന്റെ ഫോൺ വാങ്ങി മാതാപിതാക്കളെ വിവരമറിയിച്ചു. തുടർന്ന് മാതാപിതാക്കളെത്തിയാണ് പെൺകുട്ടിയെ കൂട്ടിക്കൊണ്ടുപോയത്. ഇതിനുപിന്നാലെ ഇവർ പോലീസിൽ പരാതി നൽകുകയായിരുന്നു. പെൺകുട്ടിയുടെ പരാതിയിൽ നാലുപേർക്കെതിരെയാണ് കേസെടുത്തിരിക്കുന്നതെന്ന് ഇന്ദോർ പോലീസ് സൂപ്രണ്ട് അശുതോഷ് ഭാഗ്രി മാധ്യമങ്ങളോട് പറഞ്ഞു. റിതേഷ്, ആശിഷ്, നിപുൽ എന്നിവർക്കെതിരേയും പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിക്കെതിരെയുമാണ് കേസെടുത്തിരിക്കുന്നത്. ഇവരിൽ രണ്ടുപേർ അന്യസംസ്ഥാനങ്ങളിൽനിന്നുള്ളവരാണെന്നും പ്രതികളെ പിടികൂടാൻ വിവിധ അന്വേഷണസംഘങ്ങളെ നിയോഗിച്ചിട്ടുണ്ടെന്നും അദ്ദേഹം വിശദീകരിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.